# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 1 — 19-6-2007 - ൽ മറുപടിക്ക്

### സർക്കാർ ഓഫീസുകളിലെ സേവനം മെച്ചപ്പെടുത്താൻ നടപടി

**ചോദ്യം**

**ശ്രീ. കെ. കുഞ്ഞിരാമൻ:**
**ശ്രീ. സി.എച്ച്. കുഞ്ഞമ്പു:**
**ശ്രീ. വി. ചെന്താമരാക്ഷൻ:**
**ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ:**
**ശ്രീ. അൽഫോൺസ് കണ്ണന്താനം:**

**ഉത്തരം**

**ശ്രീ. വി.എസ്. അച്യുതാനന്ദൻ**
**(മുഖ്യമന്ത്രി)**

എ). സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

എ). സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഓരോ വകുപ്പിന്റേയും നടപടികൾ സമയബന്ധിതമായി പരിശോധിച്ച് നിർദ്ദേശങ്ങൾ നൽകാറുണ്ട്. ഫൈവ്ഡേ റൂൾ അനുസരിച്ച് തപാലുകളുടെയും ഫയലുകളുടെയും സമയ ബന്ധിതമായ സമർപ്പിക്കൽ പരിശോധന നടത്തി ഉറപ്പു വരുത്താറുണ്ട്. അതാത് വർഷങ്ങളിൽ വിവിധ വകുപ്പുകളുടെ പരിശോധന നടത്തി വകുപ്പ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങളിൽ ആവശ്യ മായ നടപടി സ്വീകരിക്കണമെന്ന് വകുപ്പുകളോട് നിർദ്ദേശിക്കാറുണ്ട്. അതാതു വകുപ്പുകൾ ഈ നിർദ്ദേശങ്ങൾ പാലിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്.

ബി. ജീവനക്കാർ ഓഫീസുകളിൽ വൈകി എത്തുന്നതും നേരത്തേ പോകുന്നതും തടയാൻ ഫലപ്രദ മായ നടപടി സ്വീകരിക്കുമോ;

ബി. ഓഫീസ് അച്ചടക്കം, ഹാജർ പരിശോധന, ഓഫീസിൽ വൈകി എത്തുകയും ഓഫീസ് സമയം കഴിയും മുമ്പ് ഓഫീസ് വിട്ടു പോവുകയും ചെയ്യുക

എന്നിവയെ സംബന്ധിച്ചെല്ലാം വ്യക്തമായ നിർദ്ദേശങ്ങൾ 30-8-94ലെ13548/റൂൾസ്2/94/ ഉ.ഭ.പ.വ.,3.2.2004-ലെ1110/എ.ആർ10/04/ഉ.ഭ.പ.വ. നമ്പർ സർക്കുലറുകൾ പ്രകാരംസർക്കാർ പുറപ്പെടുവിച്ചി ട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ എല്ലാ വകുപ്പു തലവൻമാർക്കും സൂപ്പർ വൈസറി ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| സി. | ജീവനക്കാർ ഫയലുകൾ വച്ചു താമസിപ്പിക്കുന്നത് തടയുന്നതിന് ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തുമോ; | സി. | കേരള സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിലെ XIV-ാം അദ്ധ്യായം, മാന്വൽ ഓഫ് ഓഫീസ് പ്രൊസീഡ്യൂർ -ലെ XIV-ാം അദ്ധ്യായം എന്നിവയിൽ ഫയലുകളിൽ കാലവിളംബമില്ലാതെ തീരുമാനമെടുക്കുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. |
| ഡി | ജനങ്ങൾക്ക് സർക്കാർ ഓഫീസുകളിൽ നിന്നും മെച്ചപ്പെട്ട സേവനം കാലവിളംബമില്ലാതെ ലഭ്യമാക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോ; | ഡി. | സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി താലൂക്ക് ഓഫീസുകളിലും കളക്ടറേറ്റുകളിലും അന്വേഷണ കൗണ്ടറും പൊതുജന പ്രശ്നപരിഹാരസെല്ലും രൂപീകരിച്ചിട്ടുണ്ട്.<br>പൊതുജനങ്ങൾക്ക് എളുപ്പത്തിൽ കടന്നുവരാവുന്ന രീതിയിൽ ഓഫീസിന്റെ പ്രധാന ഭാഗത്ത് അന്വേഷണ കൗണ്ടർ സ്ഥാപിക്കുക വഴി അപേക്ഷകൾ അവിടെ സ്വീകരിച്ച് കക്ഷിയ്ക്ക് കൈപ്പറ്റു രസീത് നൽകി അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. മിക്ക താലൂക്ക് ഓഫീസുകളിലുംകളക്ടറേറ്റുകളിലും കംപ്യൂട്ടർ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇന്റർകോം സൗകര്യവും പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുണ്ട്. |

പൊതുജനങ്ങൾക്ക് ഇരിക്കാൻ വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തിയും കുടിവെള്ള സൗകര്യം ലഭ്യമാക്കിയും വിസിറ്റേഴ്സ് ലോഞ്ച്പ്രവർത്തനക്ഷമമാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുഭരണം സുതാര്യമാക്കുന്നതിനും പൗരന്മാർക്ക് ലഭിക്കേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാക്കും എന്ന് ഉറപ്പ് വരുത്തുന്നതിനും വേണ്ടി പഞ്ചായത്ത് രാജ് ആക്ടിൽ വ്യവസ്ഥചെയ്തിട്ടുള്ള സുപ്രധാന നിർദ്ദേശമായ പൗരാവകാശ രേഖ ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനവും പൗരാവകാശരേഖ പ്രസിദ്ധീകരിക്കണമെന്നവ്യവസ്ഥയിന്മേൽ പ്രസ്തുത രേഖ പൊതുജന സമക്ഷം സമർപ്പിച്ചു വരുന്നു

ഇ. ഓഫീസ് നടപടി ക്രമങ്ങളിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഇ. സംസ്ഥാനത്തെ നിലവിലുള്ള ഭരണ സംവിധാനം സുഗമമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ടി ഏതാനും വകുപ്പുകളിൽ നടപടി ക്രമങ്ങൾ ലഘൂകരിക്കുന്ന പ്രവർത്തനങ്ങൾ തുടങ്ങിക്കഴി ഞ്ഞു.

സെക്ഷൻ ഓഫീസർ

<u>പന്ത്രണ്ടാം കേരള നിയമസഭ</u>

<u>അഞ്ചാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം * 2</u> <u>18.6.2007-ൽ മറുപടിക്ക്</u>

<u>ഉദ്യോഗസ്ഥന്മാരുടെ പുനർ വിന്യാസം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. ടി.എൻ.പ്രതാപൻ<br>ശ്രീ. കെ.ബാബു<br>ശ്രീ.കെ.സി.വേണുഗോപാൽ | ശ്രീ.വി.എസ്.അച്ചുതാനന്ദൻ<br>ബഹു.മുഖ്യമന്ത്രി. |
| (എ) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളിലെ ഉയർന്ന ഉദ്യോഗസ്ഥരുടെ എണ്ണം കുറച്ച് അവരെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേയ്ക്ക് വിന്യസിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ, എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം നൽകുമോ? | (എ) ഉദ്യോഗസ്ഥന്മാരെ പുനർ വിന്യസിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിന് അധികാര വികേന്ദ്രീകരണ കമ്മിറ്റിയുടെ ശുപാർശകൾക്കനുസൃതമായി വിവിധ തദ്ദേശഭരണസ്ഥാപനങ്ങളിലേയ്ക്ക് വിവിധവകുപ്പുകളിൽ നിന്നും ഉദ്യോഗസ്ഥരെ പുനർവിന്യസിച്ചിട്ടുണ്ട്. ഇപ്രകാരം പുനർ വിന്യസിക്കേണ്ട ഉദ്യോഗസ്ഥരുടെയും, ഇതുവരെ പുനർവിന്യസിക്കപ്പെട്ട ഉദ്യോഗസ്ഥരുടെയും തസ്തിക തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) വികസന വകുപ്പുകളുടെ ഡയറക്ടറേറ്റുകൾക്ക് കൂടുതൽ അധികാരം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ, എങ്കിൽ വിശദാംശം നൽകുമോ? | (ബി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.

S.2

അനുബന്ധം -1

## സാങ്കേതിക വിഭാഗം ജീവനക്കാർ

## (എ) ജലവിഭവ വകുപ്പിൽ നിന്നും പുനർ വിന്യസിക്കേണ്ടവർ

| ക്രമ നമ്പർ | തസ്തിക | ആകെ പുനർ വിന്യസിക്കേണ്ടത് | ഇതുവരെ പുനർ വിന്യസിച്ചത് | ബാക്കി പുനർ വിന്യസിക്കേണ്ടത് | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|
| 1 | സൂപ്രണ്ടിംഗ് എഞ്ചിനീയർ. | 4 | 3 | 1 | |
| 2 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 17 | 15 | 2 | |
| 3 | അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 90 | 84 | 6 | പുനർ വിന്യസിച്ചവരിൽ ഒരാൾ 5 വർഷത്തെ ശൂന്യവേതന അവധിയിലാണ്. |
| 4 | അസ്സിസ്റ്റന്റ് എഞ്ചിനീയർ | 280 | 220 | 60 | |
| 5 | ഒന്നാംതരം ഓവർസീയർ | 250 | 200 | 50 | |
| 6 | രണ്ടാംതരം ഓവർസീയർ | 250 | 210 | 40 | |
| 7 | മൂന്നാംതരം ഓവർസീയർ | 582 | 430 | 152 | |
| | ആകെ | 1473 | 1162 | 311 | |

കുറിപ്പ്:- പൊതുമരാമത്ത് വകുപ്പിൽ നിന്നുള്ള ഒരു അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കോടതി വിധിയുടെ പേരിൽ ഇപ്പോഴും തദ്ദേശ സ്വയംഭരണ വകുപ്പിൽ ജോലി നോക്കി വരുന്നു.

82

അനുബന്ധം -2

## (ബി) പൊതുമരാമത്ത് വകുപ്പിൽ നിന്നും പുനർ വിന്യസിക്കേണ്ടവർ

| ക്രമ നമ്പർ | തസ്തിക | ആകെ പുനർ വിന്യസിക്കേണ്ടത് | ഇതുവരെ പുനർ വിന്യസിച്ചത് | ബാക്കി പുനർ വിന്യസിക്കേണ്ടത് | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|
| 1 | ചീഫ് എഞ്ചിനീയർ | 1 | 1 | 0 | |
| 2 | അസ്സിസ്റ്റന്റ് എഞ്ചിനീയർ | 150 | 146 | 4 | പുനർ വിന്യസിച്ച അസ്സിസ്റ്റന്റ് എഞ്ചിനീയറിൽ 38 പേർ ഇനിയും ജോലിയിൽ പ്രവേശിക്കാനുണ്ട്. |
| 3 | ഒന്നാംതരം ഓവർസീയർ | 150 | 72 | 78 | |
| 4 | രണ്ടാംതരം ഓവർസീയർ | 150 | 85 | 65 | |
| 5 | മൂന്നാംതരം ഓവർസീയർ | 400 | 354 | 46 | |
| | ആകെ | 851 | 658 | 193 | |

(ഒപ്പ്)
സെക്ഷൻ ഓഫീസർ

8.2

അനുബന്ധം -3

## മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ

### (എ) ജലവിഭവ വകുപ്പിൽ നിന്നും പുനർ വിന്യസിക്കേണ്ടവർ

| ക്രമ നമ്പർ | തസ്തിക | ആകെ പുനർ വിന്യസിക്കേണ്ടത് | ഇതുവരെ പുനർ വിന്യസിച്ചത് | ബാക്കി പുനർ വിന്യസിക്കേണ്ടത് | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|
| 1 | ക്ലർക്ക് | 380 | 68 | 312 | |
| 2 | ടൈപ്പിസ്റ്റ് | 80 | 55 | 25 | |
| 3 | പ്യൂൺ | 100 | 35 | 65 | |
| 4 | പാർട്ട് ടൈം സ്വീപ്പർ | 85 | – | 85 | |
| 5 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 3 | 2 | 1 | |
| 6 | ഡ്രൈവർ | 67 | 9 | 58 | |
| | ആകെ | 715 | 169 | 546 | |

S·2

അനുബന്ധം -4

(ബി) പൊതുമരാമത്ത് വകുപ്പിൽ നിന്നും പുനർ വിന്യസിക്കേണ്ടവർ

| ക്രമ നമ്പർ | തസ്തിക | ആകെ പുനർ വിന്യസിക്കേണ്ടത് | ഇതുവരെ പുനർ വിന്യസിച്ചത് | ബാക്കി പുനർ വിന്യസിക്കേണ്ടത് | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|
| 1 | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 1 | - | 1 | |
| 2 | ജൂനിയർ സൂപ്രണ്ട് | 18 | 18 | - | |
| 3 | ക്ലാർക്ക് | 324 | 201 | 123 | |
| 4 | ടൈപ്പിസ്റ്റ് | 105 | 79 | 26 | |
| 5 | പാർട്ട് ടൈം സ്വീപ്പർ | 85 | 17 | 68 | |
| 6 | ഡിവിഷണൽ അക്കൗണ്ടന്റ് | 14 | 10 | 4 | |
| 7 | പ്യൂൺ | 102 | 73 | 29 | |
| | ആകെ | 649 | 398 | 251 | |

(signature)
സെക്ഷൻ ഓഫീസർ

അനുബന്ധം -5

## വിവിധ വകുപ്പുകളിൽ നിന്നും ക്ലർക്കുമാരുടെ പുനർവിന്യാസം

| വകുപ്പ് | ആകെ പുനർ വിന്യസിക്കേണ്ട എണ്ണം | പുനർ വിന്യസിച്ചത് | ഇനിയും പുനർ വിന്യസിക്കാനുള്ളത് |
|---|---|---|---|
| കൃഷി | 337 | 332 | 5 |
| കൃഷി (മണ്ണു സംരക്ഷണം) | 30 | 29 | 1 |
| മൃഗ സംരക്ഷണം | 48 | 48 | - |
| ക്ഷീരവികസനം | 24 | 23 | 1 |
| മത്സ്യ ബന്ധനം | 29 | 24 | 5 |
| വ്യവസായം | 28 | 28 | - |
| സഹകരണം | 28 | 26 | 2 |
| പൊതുമരാമത്ത് | 62 | 62 | - |
| ജലവിഭവം | 300 | 285 | 15 |
| ഗ്രാമവികസനം | 11 | 11 | - |
| സാമൂഹ്യക്ഷേമം | 87 | 84 | 3 |
| പട്ടികജാതി വകുപ്പ് | 54 | - | 54 |
| പട്ടിക വർഗ്ഗ വകുപ്പ് | 14 | - | 14 |
| പൊതുവിദ്യാഭ്യാസം | 15 | 15 | - |
| ആരോഗ്യം | 28 | 27 | 1 |
| നാട്ടു ചികിത്സ | 19 | 21 | (2 പോസ്റ്റ് എക്സസ്) |
| റവന്യൂ | 126 | 126 | - |
| തൊഴിൽ | 36 | 36 | - |
| എംപ്ലോയ്മെന്റ് | 26 | 25 | 1 |
| ആകെ | 1302 | 1202 | 102 |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം - 3      19.06.2007ൽ മറുപടിയ്ക്ക്

**അവശ്യ സാധനങ്ങൾ നേരിട്ടു വാങ്ങുന്ന സമ്പ്രദായം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു. എം. പാലിശ്ശേരി<br>ശ്രീ. ബി. ഡി. ദേവസ്സി<br>ശ്രീ. സി. കെ. സദാശിവൻ<br>ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ<br>ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി | ശ്രീ. സി. ദിവാകരൻ<br>ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും<br>വകുപ്പു മന്ത്രി. |
| (എ) ഉല്പാദന കേന്ദ്രങ്ങളിൽ നിന്നും പലവ്യഞ്ജനങ്ങളും മറ്റ് അവശ്യ സാധനങ്ങളും നേരിട്ട് വാങ്ങുന്ന സമ്പ്രദായം സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടപ്പാക്കിയിട്ടുണ്ടോ ; | (എ) ഇ-ടെൻഡർ സമ്പ്രദായത്തിലൂടെയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ അരി, പലവ്യഞ്ജനങ്ങൾ, പഞ്ചസാര എന്നിവ വാങ്ങുന്നത്. ഉല്പാദന കേന്ദ്രങ്ങളിൽ നിന്നുള്ള വിതരണക്കാരും ഇ-ടെൻഡറിൽ പങ്കെടുക്കുന്നുണ്ട്. മറ്റു സംസ്ഥാനങ്ങളിലെ ഉല്പാദന കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന സഹകരണ ഏജൻസികളിൽ നിന്നും നേരിട്ടുവാങ്ങുന്നതിന് ആന്ധ്രപ്രദേശ്, മഹാരാഷ്ട്ര, തമിഴ് നാട്, കർണ്ണാടക, രാജസ്ഥാൻ എന്നീ സംസ്ഥാന ഏജൻസികളുമായി ചർച്ചകൾ നടത്തിക്കഴിഞ്ഞു. തുടർന്ന് മഹാരാഷ്ട്ര, തമിഴ്നാട്, എന്നിവിടങ്ങളിലെ സ്ഥാപനങ്ങൾ ടെൻഡറിൽ പങ്കെടുത്തുവരുന്നു. ഈ സമ്പ്രദായം ഫലപ്രദവും അഴിമതി ഒഴിവാക്കാൻ പര്യാപ്തവുമാണ്. |
| (ബി) എങ്കിൽ ഈ സമ്പ്രദായം എത്രത്തോളം പ്രയോജനപ്രദമാണെന്ന് വിശദമാക്കുമോ ; | (ബി) ഇടനിലക്കാരെ നേരിട്ട് ബന്ധപ്പെട്ട് ഉല്പന്നങ്ങൾ ധാരാളമായി വാങ്ങുന്ന സമ്പ്രദായം ഇ-ടെൻഡർ നിലവിൽ വന്നതോടെ അവസാനിപ്പിക്കാൻ കഴിഞ്ഞു. |
| (സി) സാധനങ്ങൾ വാങ്ങുന്നതിലെ അപാകതകൾ പരിഹരിക്കുന്നതിന് കോർപ്പറേഷൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (സി) നിലവിൽ സാധനങ്ങൾ വാങ്ങുന്നത് ഇ-ടെണ്ടർ വഴിയാണ്. സപ്ലൈകോയുടെ വെബ് സൈറ്റിലും 19 ന്യൂസ് പേപ്പറുകളിലും മുൻകൂട്ടി പ്രസിദ്ധം ചെയ്താണ് ടെണ്ടർ നടത്തുന്നത്. ടെണ്ടർ ദിവസം ഹെഡ് ഓഫീസിൽ ഹാജരാകുന്ന സപ്ലൈയർമാരുടെ സാന്നിദ്ധ്യത്തിലാണ് ടെന്റർ തുറക്കുന്നത്. ഇ-ടെണ്ടറിന്റെ കാര്യക്ഷമമായ നടത്തിപ്പിന് സമയബന്ധിതമായ ഒരു അവലോകന സമ്പ്രദായവും നടപ്പിലാക്കുന്നുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

GOVERNMENT OF I

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ. 04 19/06/2007 ൽ മറുപടിയ്ക്ക്

പരിസ്ഥിതി നയം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.പി.കൃഷ്ണപ്രസാദ്<br>ശ്രീ.വി.എൻ.വാസവൻ<br>ശ്രീ.എം.ചന്ദ്രൻ | ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>(ബഹു: മുഖ്യമന്ത്രി) |
| എ) സംസ്ഥാന സർക്കാർ പരിസ്ഥിതി നയം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | എ) സർക്കാർ കരട് പരിസ്ഥിതി നയം രൂപീകരിച്ചിട്ടുണ്ട്. ഈ നയത്തിന് അന്തിമരൂപം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) പരിസ്ഥിതിക്കു ദോഷകരമായ വനം കയ്യേറ്റം, കായൽ കയ്യേറ്റം എന്നിവയും പരിസ്ഥിതി പ്രാധാന്യമുള്ള സ്ഥലങ്ങളിലെ അനധികൃത കെട്ടിട നിർമ്മാണങ്ങളും ഒഴിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | ബി) അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ ഒഴിപ്പിക്കുന്നതിനായി പ്രത്യേക ദൗത്യസംഘങ്ങളെ നിയോഗിച്ചിട്ടുണ്ട്. വനം കയ്യേറ്റവും, കായൽ കയ്യേറ്റവും യഥാസമയം കണ്ടെത്തി ഉടൻതന്നെ ഒഴിപ്പിക്കുന്നതിനും കയ്യേറ്റക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |

S. 4

സി) മൂന്നാർ മേഖലയിൽ ഭൂമി കയ്യേറ്റവും ചട്ടം ലംഘിച്ചുള്ള കെട്ടിട നിർമ്മാണവും ഒഴിപ്പിക്കുന്നതിലെ പുരോഗതി വെളിപ്പെടുത്തുമോ ;

സി) മൂന്നാർ മേഖലയിലെ ഭൂമി കയ്യേറ്റവും ചട്ടം ലംഘിച്ചിട്ടുള്ള കെട്ടിട നിർമ്മാണവും ഒഴിപ്പിക്കുന്നതിന് പ്രത്യേക ദൗത്യസംഘത്തെ നിയോഗിച്ചിട്ടുണ്ട്. ടി സംഘം നാളിതുവരെ 19- ാളം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുകയും 400.22.28 ഏക്കർ ഭൂമി ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ചട്ടം ലംഘിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ അതാതു തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുഖേന സ്വീകരിച്ചുവരുന്നു.

ഡി) ഒഴിപ്പിക്കപ്പെടുന്ന ഭൂമി എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഡി) ഒഴിപ്പിക്കപ്പെടുന്ന ഭൂമി പ്ര യോജനപ്പെടുത്തുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം എടുക്കേണ്ടതുണ്ട്.

(signature)
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 5 — 19/6/2007 ൽ മറുപടിയ്ക്ക്

## കൊച്ചിയിലെ പ്രത്യേക സാമ്പത്തിക മേഖല

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>പ്രൊഫ:കെ.വി.തോമസ് | ശ്രീ.വി.എസ് അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) സ്മാർട്ട്സിറ്റിയ്ക്ക് പ്രത്യേക സാമ്പത്തിക മേഖല പദവിയുണ്ടോ; | (എ) സ്മാർട്ട്സിറ്റി പദ്ധതിയ്ക്കുപ്രത്യേക സാമ്പത്തികമേഖല പദ്ധതിയാക്കാൻ തത്വത്തിലുള്ള അംഗീകാരം എസ്.പി.വിയ്ക്ക് കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. |
| (ബി) ഐ.ടി.സംബന്ധിച്ച സ്പെഷ്യൽ ഇക്കണോമിക് സോൺ സ്ഥാപിയ്ക്കുന്നതിനുള്ള നടപടിക്രമമെന്താണ്. | (ബി) പ്രത്യേക സാമ്പത്തികമേഖലയാക്കാനുള്ള അപേക്ഷകൾ കമ്പനികൾനേരിട്ടോ സംസ്ഥാന സർക്കാരുകൾവഴിയോ കേന്ദ്രഗവൺമെൻറിന് നൽകുന്നു. വ്യവസായ വകുപ്പാണ് ഇതിലേക്കുള്ള സംസ്ഥാനത്തെ നോഡൽ വകുപ്പ് ഐ.ടി. സംബന്ധിച്ച പ്രത്യേക സാമ്പത്തിക മേഖലസ്ഥാപിയ്ക്കുന്നതിന് കുറഞ്ഞത് ഒരു ലക്ഷം സ്ക്വയർ മീറ്റർ built up space ഉണ്ടാക്കാൻ അനുയോജ്യമായ 25 ഏക്കർ സ്ഥലം വേണം എന്നുള്ളതാണ് കേന്ദ്ര വാണിജ്യമന്ത്രാലയത്തിൻെറപ്രത്യേക സാമ്പത്തിക മേഖല നിയമം അനുശാസിക്കുന്നത്. |

(സി) കൊച്ചിയിൽ ഐ.ടി.സംബന്ധിച്ച സ്പെഷ്യൽ ഇക്കണോമിക്സോൺ സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി എത്ര കമ്പനികളും വ്യക്തികളും അപേക്ഷിക്കുകയുണ്ടായി; അവർ ആരെല്ലാമാണ്; എന്നാണ് അപേക്ഷിച്ചത്.

(സി) & (ഡി) ക്കും

| ക്രമ നം. | അപേക്ഷിച്ച വ്യക്തികൾ | അപേക്ഷിച്ച തീയതി | സ്ഥാപിക്കാനുള്ള സ്ഥലം |
|---|---|---|---|
| 1. | M.M.Tech towers, Kochi | 4/1/07 | ഉടമസ്ഥർ അപേക്ഷകർ |
| 2. | Temple Valley Farms Infrastructure Pvt.Ltd | 18/9/06 | |
| 3 | Parsvanath Developers Ltd | 16/8/05 | മുഴുവൻ സ്ഥലവും കമ്പനിയുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| 4. | Cochin Technopark Ltd | 16/10/06 | |
| 5. | Sutherland Global Services Ltd | .... | |

(ഡി) സ്പെഷ്യൽഇക്കണോമിക്സോൺ സ്ഥാപിക്കാനുള്ള സ്ഥലം അവർ സ്വന്തമായി വാങ്ങിയിട്ടുണ്ടോ; അവരുടെ അപേക്ഷകൾ എത്രപ്രാവശ്യം വ്യവസായവകുപ്പ് ശുപാർശ ചെയ്ത് മുഖ്യമന്ത്രിയുടെ ആഫീസിലേക്ക് അയച്ചു; പ്രസ്തുത അപേക്ഷകൾ ശുപാർശ ചെയ്ത് കേന്ദ്രത്തിന് അയക്കുന്നതിനുള്ള തടസ്സം എന്തായിരുന്നു.

ഇവയിൽ Temple Valley Farms infrastructure Pvt.Ltd ന്റെ അപേക്ഷ രണ്ടുപ്രാവശ്യവും Parsvanath Developers Ltd ന്റെ അപേക്ഷ ഒരു പ്രാവശ്യവും വ്യവസായ വകുപ്പിൽ നിന്നും മുഖ്യമന്ത്രിക്ക് അയച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ നയപരമായ തീരുമാനം എടുക്കാനുള്ള കാലതാമസംമാത്രമേ ഉണ്ടായിട്ടുള്ളൂ.

| | |
|---|---|
| (ഇ) മറ്റ് ഐ.ടി.സ്ഥാപനങ്ങൾ കൊച്ചിയിൽ വരുന്നതിന് സ്മാർട്ട് സിറ്റി കരാർ തടസ്സമല്ലാത്തതിനാൽ ഈ അപേക്ഷകൾ ഉടനടി ശുപാർശ ചെയ്ത് കേന്ദ്രത്തിന് അയയ്ക്കുമോ? | (ഇ) പരിഗണനയിലാണ്. |

Padmanabhan

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 6 19/6/2007 ൽ മറുപടിയ്ക്ക്

## സ്മാർട്ട്സിറ്റി കരാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.വേണുഗോപാൽ<br>ശ്രീ.എൻ.ശക്തൻ<br>ശ്രീ..കെ.ശിവദാസൻ നായർ | ശ്രീ.വി.എസ് അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) സ്മാർട്ട്സിറ്റി സ്ഥാപിയ്ക്കുന്നതുസംബന്ധിച്ച് സർക്കാർ ഏതു കമ്പനിയുമായാണ് കരാർ ഒപ്പുവെച്ചത്; | (എ) ടീകോം ഇൻവെസ്റ്റ്മെൻറ് FZ-LLC എന്ന കമ്പനിയുമായാണ് സർക്കാർ കരാർ ഒപ്പുവെച്ചത്. |
| (ബി) ഈ സർക്കാർ സ്മാർട്ട്സിറ്റി കരാർ ഒപ്പ് വെച്ച കമ്പനിയുമായാണോ മുൻസർക്കാർ ചർച്ച നടത്തിയത് എന്ന് വ്യക്തമാക്കുമോ;<br>(സി) അല്ലാത്തപക്ഷം ഏതുകമ്പനിയുമായാണ് യു.ഡി.എഫ്.സർക്കാർ സ്മാർട്ട്സിറ്റി സ്ഥാപിയ്ക്കുന്നതു സംബന്ധിച്ച് ചർച്ച നടത്തിയത്. | (ബി) &(സി) മുൻസർക്കാർ ചർച്ചനടത്തിയതും MOU -യിൽ ഏർപ്പെട്ടതും ദുബായ് ഇൻറർനെറ്റ് സിറ്റി (DIC) യുമായിട്ടായിരുന്നു. ദുബായ് ടെക്നോളജി ആൻറ് മീഡിയ ഫ്രീസോൺ അതോറിറ്റി (TECOM)യ്ക്കുവേണ്ടിയായിരുന്നു DIC, MOU-യിൽ ഒപ്പിട്ടത്. DIC യാകട്ടെ TECOM Investment -ൻെറ ഫ്രീസോണിലുള്ള പല പ്രോജക്ടുകളിൽ ഒന്നു മാത്രമാണ്. ദുബായ് ടെക്നോളജി ആൻറ് മീഡിയ ഫ്രീസോൺ അതോറിറ്റി ദുബായ് ഫ്രീ സോണിൽ നയപരമായ തീരുമാനങ്ങളെടുക്കുന്ന ഒരു അതോറിറ്റിയാണ്. അതേ ദുബായ് ടെക്നോളജി ആൻറ് മീഡിയ ഫ്രീസോൺ അതോറിറ്റി authorise ചെയ്ത ടീകോം ഇൻവെസ്റ്റ്മെൻറ് FZ-LLC യുമായാണ് ഈ സർക്കാർ കരാർ ഒപ്പുവെച്ചിരിക്കുന്നത്. |

| | |
|---|---|
| (ഡി) ഈ സർക്കാർ സ്മാർട്ട്സിറ്റി കരാർ ഒപ്പു വെച്ച കമ്പനിയിൽ ദുബായ് ഗവൺമെൻറിനുള്ള സാമ്പത്തിക താൽപര്യം എന്തെന്നും അതെത്രയുണ്ടെന്നും വിശദീകരിക്കുമോ ? | (ഡി) TECOM Investment FZ-LLC ദുബായ് ഹോൾഡിംഗ് കമ്പനിയുടെ **subsidiary** ആണ്. ദുബായ് ഹോൾഡിംഗ് കമ്പനി ദുബായ് സർക്കാരിൻെറ ഒരു ഇൻവെസ്റ്റ്മെൻറ് ആം ആണ്. |

Padmanabhan

സെക്ഷൻ ആഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 7 — 19.06.07ൽ മറുപടിക്ക്

## വിലക്കയറ്റം

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി;<br>ശ്രീ. ബി. ഡി. ദേവസ്സി;<br>ശ്രീ. കെ. സി. രാജഗോപാലൻ;<br>ശ്രീ. എസ്. രാജേന്ദ്രൻ;<br>ശ്രീ. എ. എം. യൂസഫ്. | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| (എ) അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനുമായി സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാം; | (എ) അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും, വിലക്കയറ്റം പിടിച്ചു നിറുത്തുന്നതിനുമായി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ മാവേലി സ്റ്റോറുകൾ, ലാഭം സ്റ്റോറുകൾ, ശബരി സ്റ്റോറുകൾ, ശബരി സൂപ്പർമാർക്കറ്റുകൾ തുടങ്ങിയ സ്ഥാപനങ്ങളിലൂടെ അവശ്യ സാധനങ്ങൾ വ്യാപകമായി വിതരണം ചെയ്തുവരുന്നു. കൂടാതെ, പൊതുകമ്പോളത്തിലെ എല്ലാ കടകളിലും വില വിവരപ്പട്ടിക പ്രദർശിപ്പിക്കാൻ നിഷ്കർഷിച്ചും വ്യാപാര സ്ഥാപനങ്ങളിൽ മിന്നൽ പരിശോധന നടത്തിയും വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>വിവിധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരുമായും, വ്യാപാരി വ്യവസായി പ്രതിനിധികളുമായും ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷനുമായും സർക്കാർ ചർച്ചകൾ നടത്തുകയും സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴിയും സഹകരണ സ്ഥാപനങ്ങൾ വഴിയും തെരഞ്ഞെടുക്കപ്പെട്ട റേഷൻകടകൾ വഴിയും അവശ്യസാധനങ്ങൾ വിതരണം ചെയ്തുവരുന്നു. എല്ലാ ജില്ലകളിലും പ്രൈസ് മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിച്ച് വിലനിലവാരം നിരീക്ഷിച്ചുവരുന്നു. ഭക്ഷ്യോപദേശക വിജിലൻസ് സെല്ലുകൾ ജാഗ്രതയോടെ പ്രവർത്തിയ്ക്കുന്നത് മൂലം കരിഞ്ചന്തയും, പൂഴ്ത്തിവയ്പ്പും കണ്ടെത്താനും തടയാനും കഴിയുന്നുണ്ട്.<br><br>ഇതുകൂടാതെ, നിത്യോപയോഗ സാധനങ്ങൾ മാർക്കറ്റ് വിലയേക്കാളും 10% മുതൽ 40% വരെ വിലക്കുറവിൽ സപ്ലൈകോയുടെ 2551 ഔട്ട്‌ലെറ്റുകൾ വഴി ജനങ്ങൾക്ക് ലഭ്യമാക്കുന്നു. ഇവയ്ക്കുപുറമെ ആദിവാസി മേഖലകളിൽ 6 മൊബൈൽ മാവേലിസ്റ്റോറുകൾ വഴിയും സാധനങ്ങൾ വിതരണം നടത്തിവരുന്നു. |

| | |
|---|---|
| | കേരളത്തിലെ പ്രമുഖ നഗരങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട സൂപ്പർമാർക്കറ്റുകൾ വഴി പച്ചക്കറികൾ ഉൾപ്പെടെ എല്ലാ നിത്യോപയോഗ സാധനങ്ങളും ലഭ്യമാക്കികൊണ്ട് ഞായറാഴ്ചകളടക്കമുള്ള ദിവസങ്ങളിൽ തുറന്നു പ്രവർത്തിച്ചു വരുന്നു. കൂടാതെ, 2% അധിക ഡിസ്കൗണ്ട് നൽകികൊണ്ട് വിഷു - ഈസ്റ്റർ സ്പെഷ്യൽ ഫെയർ നടത്തി. കൂടാതെ, 15.05.2007 മുതൽ 15.06.2007 വരെ സ്കൂൾ ഫെയർ പ്രവർത്തിച്ചുവരുന്നു. ശബരിബ്രാൻഡഡ് ഉൽപന്നങ്ങൾക്ക് വിപണിയിലെ മറ്റു ബ്രാൻഡഡ് ഉൽപന്നങ്ങളെക്കാൾ വില കുറവുമാണ്.<br><br>തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിലെ റേഷൻ കടകൾ വഴി പൊതുവിപണിയെക്കാൾ വളരെ കുറഞ്ഞ നിരക്കിൽ (11 രൂപയ്ക്ക്) ഫോർട്ടിഫൈഡ് ആട്ട വിതരണം നടത്തിവരുന്നു.<br><br>പണപ്പെരുപ്പം ദേശീയ തലത്തിൽ 9.7% അധികമായപ്പോഴും സപ്ലൈകോയുടെ നിത്യോപയോഗ സാധനങ്ങളുടെ വില കഴിഞ്ഞ 9 മാസമായി സ്ഥിരമായി തുടർന്നുപോരുന്നു. വിലസ്ഥിരത നിലനിറുത്തുന്നതിന് കുറഞ്ഞത് ഒരു മാസം കാലയളവിലേക്കെങ്കിലും ഒരേ വില എന്ന തത്വവും സപ്ലൈകോ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ ഫലമായി വിലക്കയറ്റം തടയുന്ന കാര്യത്തിൽ എന്തുമാത്രം വിജയിച്ചു എന്നു വെളിപ്പെടുത്താമോ; | (ബി) നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിലെ വിലയേക്കാളും കുറച്ച് കേരളത്തിലുടനീളം ജനങ്ങൾക്ക് ലഭ്യമാക്കിയതു വഴി വിലക്കയറ്റം തടയുന്നതിൽ ഫലപ്രദമായി ഇടപെടാൻ സപ്ലൈകോയ്ക്ക് സാധിച്ചു. ഭക്ഷ്യധാന്യങ്ങളുടെ 90%വും സംസ്ഥാനത്തിന് പുറത്തു നിന്നും വരുന്നതാണെങ്കിലും ദേശീയ തലത്തിൽ ഭക്ഷ്യധാന്യങ്ങൾക്കുണ്ടായ വില വർദ്ധനവിനെക്കാൾ വളരെ കുറഞ്ഞ തോതിൽ കേരളത്തിൽ വില വർദ്ധനവ് പിടിച്ചുനിർത്താനും സാധിച്ചു. |
| (സി) വിലക്കയറ്റം തടയുന്നതിനും ഭക്ഷ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനുമായി ജില്ലാതലത്തിൽ ഭക്ഷ്യ ഉപദേശക വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഈ കമ്മിറ്റികൾ എല്ലാ ജില്ലകളിലും ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ; | (സി) സംസ്ഥാന/ജില്ലാ/താലൂക്ക് തലത്തിൽ ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ച് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. |
| (ഡി) കരിഞ്ചന്തയും പൂഴ്ത്തിവയ്പുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തു എന്ന് അറിയിക്കുമോ? | (ഡി) കരിഞ്ചന്തയും പൂഴ്ത്തിവയ്പുമായി ബന്ധപ്പെട്ട് 1426 കേസുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 8 — 19.6.2007-ൽ മറുപടിക്ക്

## തനിമ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. ബാബുപോൾ<br>ശ്രീ. എ.കെ. ചന്ദ്രൻ<br>ശ്രീ. [illegible] മാത്യു തോമസ് | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണന സംവിധാനം ശക്തമാക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ, എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | എ) ഉദ്ദേശിക്കുന്നുണ്ട്. കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണന സംവിധാനം ശക്തിപ്പെടുത്തുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. ഹാൻടെക്സ്/ഹാൻവീവ് എന്നിവർക്കും പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്കും കൈത്തറി പ്രദർശനങ്ങൾ നടത്തുന്നതിനുള്ള ധനസഹായം നൽകി വരുന്നു. ഉത്സവകാലങ്ങളിൽ കൈത്തറി റീജിയണൽ എക്സ്പോകൾ സംഘടിപ്പിക്കുകയും അന്താരാഷ്ട്ര പ്രദർശനങ്ങളിൽ പങ്കെടുക്കുന്നതിന് ഹാൻടെക്സ്/ഹാൻവീവ്/ ഹാൻടെക്സും കൺസോർഷ്യം, നെയ്ത്തുകാർ, സംഘങ്ങൾ എന്നിവയ്ക്ക് ധനസഹായം നൽകുകയും ചെയ്തു വരുന്നു. സ്വകാര്യ സംരംഭകരുടെ കയറ്റുമതി വിപണിയിലേയ്ക്കാവശ്യമായ കൈത്തറി ഉൽപ്പന്നങ്ങൾ എത്തിക്കുവാൻ സഹകരണ സംഘങ്ങൾക്ക് പ്രോത്സാഹനം നൽകി വരുന്നു. പ്രത്യേക സീസണുകളിൽ സംഘങ്ങൾക്ക് റിബേറ്റ് അനുവദിക്കുകയും ചെയ്യാറുണ്ട്. കയറ്റുമതി ഉൽപ്പന്ന വികസന വിപണന പദ്ധതിക്കും (25% സംസ്ഥാന വിഹിതം), കൈത്തറി ഉൽപ്പന്നങ്ങളുടെ വികസനത്തേയും വിപണനത്തേയും ശക്തമാക്കുവാനും പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൈത്തറി / ഖാദി ഉപയോഗം വർദ്ധിപ്പിക്കുന്നതിനുള്ള പ്രചരണം നടത്തുന്നു. |
| (ബി) 'തനിമ' പദ്ധതിയിലൂടെ എന്തെല്ലാം പരിപാടികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; ഈ പദ്ധതിയ്ക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ എന്തെല്ലാം സഹായങ്ങളാണു നൽകുന്നത്; | ബി) കേന്ദ്ര സർക്കാരിന്റെ സുവർണ്ണ ജയന്തി ഗ്രാമ സ്വരോസ്ഗർ യോജന സ്പെഷ്യൽ പദ്ധതിയിൻ കീഴിൽ തിരുവനന്തപുരം ജില്ലയിലെ നെയ്ത്തുകാരുടെ ഉന്നമനം ലക്ഷ്യം വച്ചുകൊണ്ട് അവരെ സ്വയം സഹായ സംഘങ്ങളിലൂടെ സംഘടിപ്പിച്ച് ചെറുകിട സംരംഭങ്ങൾ ആരംഭിക്കാൻ തയ്യാറാക്കിയ ഒരു പദ്ധതിയാണ് തനിമ. ജില്ലയിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽ നിന്നും നാലായിരം (4000) നെയ്ത്തുകാരെ ഉൾപ്പെടുത്തി നാനൂറ് (400) സ്വയം സംഘങ്ങൾ രൂപീകരിച്ച് സംരംഭങ്ങൾ ആരംഭിക്കുവാനും അവർക്ക് |

വർഷത്തിൽ എല്ലാ ദിവസവും തൊഴിൽ നൽകുവാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. കൂടാതെ ഈ കുടുംബങ്ങളുടെ വാർഷിക വരുമാനം ഉയർത്തുവാനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. കൈത്തറിയുടെ പ്രധാന കേന്ദ്രങ്ങളായ നേമം, അതിയന്നൂർ ബ്ലോക്കുകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഉല്പാദനത്തിനും , വിപണനത്തിനും വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊണ്ട് കൈത്തറി മേഖലയുടെ സമഗ്രമായ വികസനത്തിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷനും, തിരുവനന്തപുരം ജില്ലാ ഗ്രാമ വികസന ഏജൻസിയും സംയുക്തമായാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

1464 ലക്ഷം രൂപയാണ് ഈ പദ്ധതിക്കുവേണ്ടി പ്രതീക്ഷിക്കുന്ന ചിലവ്. കേന്ദ്ര സർക്കാർ വിഹിതമായി 590 ലക്ഷം രൂപയും, സംസ്ഥാന സർക്കാർ വിഹിതമായി 197 ലക്ഷം രൂപയും ബാങ്ക് വായ്പയായി 630 ലക്ഷം രൂപയും സ്വയം സഹായ സംഘങ്ങളുടെ വിഹിതമായി 47 ലക്ഷം രൂപയുമാണ് ഈ പദ്ധതിയിൽ മുടക്കുവാൻ ലക്ഷ്യമിടുന്നത്. 996 ലക്ഷം രൂപ എന്റർപ്രൈസസ് ക്രിയേഷനുവേണ്ടിയും 340 ലക്ഷം രൂപ അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടിയും, പരിശീലനത്തിന് 65 ലക്ഷം രൂപയും, രൂപകല്പനയ്ക്കും ഗുണനിലവാരത്തിനുമായി 22 ലക്ഷം രൂപയും , പുതിയ ഉല്പന്ന വികസനത്തിനായി 41 ലക്ഷം രൂപയും പദ്ധതി ലക്ഷ്യമിടുന്നു.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നുണ്ട്. തെരഞ്ഞെടുക്കപ്പെട്ട സ്വയം സഹായ സംഘങ്ങൾക്ക് ബാങ്ക് ലോൺ വിതരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) അസംഘടിത കൈത്തറി നെയ്ത്തു തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സി) തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിവരുന്ന 'തനിമ' പദ്ധതി, കണ്ണൂരിലെ 'കൃതിക' പദ്ധതി, പാലക്കാട്, എറണാകുളം, തൃശ്ശൂർ തുടങ്ങിയ ജില്ലകളിലെ നെയ്ത്തുകാർക്കായി തയ്യാറാക്കിയ 'പ്രതിഭ' പദ്ധതി എന്നിവ അസംഘടിത മേഖലയിലെ നെയ്ത്തുകാരുടെ ഉന്നമനം ലക്ഷ്യമിടുന്നു. തിരുവനന്തപുരം ജില്ലയിൽ കേന്ദ്ര സർക്കാരിന്റെ 2 കോടി രൂപയുടെ ഇന്റഗ്രേറ്റഡ് ഹാൻഡ്‌ലൂം ഡവലപ്പ്മെന്റ് ക്ലസ്റ്ററും ഈ മേഖലയിലെ നെയ്ത്തുകാരെ സംരക്ഷിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതിയാണ്. 2007-08 ൽ ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് വിദഗ്ധ നെയ്ത്തുകാർക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതിയും അസംഘടിത മേഖലയിലെ നെയ്ത്തുകാരെ സഹായിക്കുന്ന പദ്ധതിയാണ്.

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ . 9

19/06/2007 - ൽ മറുപടിക്ക്

## പൊതുവിതരണ രംഗത്തെ അഴിമതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ. അനിരുദ്ധൻ :<br>ശ്രീ. കെ. രാജു :<br>ശ്രീ. എൻ. രാജൻ :<br>ശ്രീ. വി.എസ്. സുനിൽകുമാർ: | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| പൊതുവിതരണ രംഗത്തെ അഴിമതി അവസാനിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ? | പൊതുവിതരണ രംഗത്തെ അഴിമതി അവസാനിപ്പിക്കുന്നതിന് ഗവൺമെന്റ് കർശനമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ മൊത്ത/ചില്ലറ വ്യാപാര സ്ഥാപനങ്ങളും റേഷൻ കടകളും സിവിൽ സപ്ലൈസ് വകുപ്പിന്റെ വിവിധ സ്ക്വാഡുകൾ പരിശോധിക്കുകയും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 13090 റെയ്ഡുകൾ നടത്തി. 1370 കേസ്സെടുത്ത് ശിക്ഷണ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. 289 റേഷൻ കടകളുടെ ലൈസൻസ് സസ്പെന്റു ചെയ്തു. 5 എണ്ണത്തിന്റെ ലൈസൻസ് റദ്ദു ചെയ്തു. 15 മൊത്ത വ്യാപാരികളുടെ ലൈസൻസ് സസ്പെന്റു ചെയ്യുകയും ഒരാളുടെ ലൈസൻസ് റദ്ദു ചെയ്യുകയുമുണ്ടായി. കൂടാതെ ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റികൾ സംസ്ഥാന/ജില്ലാ/താലൂക്ക് തലത്തിൽ രൂപീകരിക്കുകയും കാര്യക്ഷമമായി പ്രവർത്തിച്ചുവരികയും ചെയ്യുന്നു. ഈ കമ്മിറ്റിയും പൊതുവിതരണ രംഗത്തെ അഴിമതി തടയുന്നതിന് കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. ജില്ലാ സപ്ലൈ ആഫീസർ, താലൂക്ക് സപ്ലൈ ആഫീസർ, |

S-4

റേഷനിംഗ് ഇൻസ്പെക്ടർ എന്നിവരുടെ നേതൃത്വത്തിൽ വിവിധ സ്ക്വാഡുകൾ പൊതുവിതരണ കേന്ദ്രങ്ങൾ നിരന്തരമായി പരിശോധിച്ചു വരികയും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. അഴിമതിയ്ക്ക് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർമാർക്കെതിരെ കർശന ശിക്ഷണ നടപടികൾ കൈക്കൊള്ളുന്നുണ്ട്.

ജില്ലാകളക്ടർമാരുടെ നേതൃത്വത്തിൽ പോലീസ് ലീഗൽ മെട്രോളജി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാർ അടങ്ങുന്ന മോണിറ്ററിംഗ് സെല്ലും പ്രവർത്തിച്ചു വരുന്നു. കൂടാതെ എല്ലാ ജില്ലകളിലും ഓപ്പൺഫോറങ്ങൾ സംഘടിപ്പിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

GOVERNMENT OF KERA

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 10 19/6/2007 ൽ മറുപടിയ്ക്ക്

## സ്മാർട്ട് സിറ്റി കരാറിലെ സൗജന്യങ്ങൾ

| ചോദ്യം<br>ശ്രീ.കെ.ബാബു | മറുപടി<br>ശ്രീ.വി.എസ് അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) സ്മാർട്ട്സിറ്റി പദ്ധതിയ്ക്കായി യു.ഡി.എഫ്. സർക്കാർ അംഗീകരിച്ച കരട് കരാർ അനുസരിച്ച് ടീകോമിന് എന്തൊക്കെ സൗജന്യങ്ങളാണ് നൽകിയിരുന്നത്. | (എ) യു.ഡി.എഫ്. സർക്കാർ അംഗീകരിച്ച കരട് കരാറിൽ ഉൾപ്പെടുന്ന പ്രധാന വ്യവസ്ഥകൾ അനുബന്ധം 1 ആയി ചേർത്തിരിയ്ക്കുന്നു. |
| (ബി) പ്രസ്തുത കരാർ നടപ്പിലാക്കിയിരുന്നുവെങ്കിൽ സർക്കാരിന് എന്തൊക്കെ ബാദ്ധ്യതകൾ വരുമായിരുന്നു. | (ബി) ഇൻഫോപാർക്ക് നഷ്ടപ്പെടുമായിരുന്നു. 136 ഏക്കർ സ്ഥലം ഉടനെയും 100 ഏക്കർ സ്ഥലം തൊഴിൽ സൃഷ്ടിക്കുന്നതിന് ആനുപാതികമായും ഗവൺമെൻറ് കൈമാറ്റം ചെയ്യേണ്ടിവരുമായിരുന്നു. 5 വർഷകാലത്തേക്ക് എറണാകുളം ജില്ലയിൽ മറ്റ് ഐ.ടി പാർക്കുകൾ വികസിപ്പിക്കുകയോ, നടത്തുകയോ ചെയ്യാൻ പറ്റില്ലായിരുന്നു. 'ഇൻഫോപാർക്ക്' എന്ന പേരിൽ മറ്റ് പാർക്കുകൾ ആരംഭിക്കുവാൻ പാടില്ലായിരുന്നു. |
| (സി) ഇപ്പോൾ ഒപ്പിട്ടിരിക്കുന്ന കരാർ അനുസരിച്ച് ടീകോമിന് എന്തൊക്കെ സൗജന്യങ്ങളാണ് നൽകിയിരിയ്ക്കുന്നത്; ഇതു സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ ? | (സി).മാസ്റ്റർ പ്ലാൻ തയ്യാറാകുന്ന മുറയ്ക്ക് പാട്ടത്തിന് നൽകിയിട്ടുള്ള 246 ഏക്കർ സ്ഥലത്തിൻെറ 12% സ്ഥലം ഫ്രീഹോൾഡ് ആക്കി മാറ്റേണ്ടിയിരിക്കുന്നു. കരാറിൻെറ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |

Padmanabhan

സെക്ഷൻ ആഫീസർ

S.10

**അനുബന്ധം 1**

**മുൻഗവൺമെൻറ് ഒപ്പിടാനായി അംഗീകരിച്ച കരട് കരാറിൽ ഉൾപ്പെടുന്ന പ്രധാന വ്യവസ്ഥകൾ:**

1. ഇൻഫോപാർക്കും മറ്റു അനുബന്ധ സൗകര്യങ്ങളും 109 കോടി രൂപയ്ക്ക് കൈമാറ്റം ചെയ്യേണ്ടതാണ്.
2. 136 ഏക്കർ സ്ഥലം ഏക്കറിന് 26,47,058 രൂപ നിരക്കിൽഉടമസ്ഥാവകാശം പൂർണ്ണമായും കൈമാറ്റം ചെയ്യേണ്ടതാണ്.
3. 100 ഏക്കർ സ്ഥലം പ്രതിവർഷം ഏക്കറിന് ഒരു രൂപ നിരക്കിൽ 99 വർഷത്തേക്ക് പാട്ടത്തിനു നൽകേണ്ടതാണ്.
4. മൂന്നുഘട്ടങ്ങളിലായി മൊത്തം 33300 തൊഴിലവസരങ്ങൾ പത്തുവർഷം കൊണ്ടു സൃഷ്ടിക്കേണ്ടതാണ്. ഇപ്രകാരം തൊഴിലവസരങ്ങൾ സൃഷ്ടിക്കാതിരുന്നാൽ കുറവുവരുന്ന ഓരോ തൊഴിലവസരങ്ങൾക്കും ഒന്നിനു 6000 രൂപ വീതം പിഴയായി സംസ്ഥാന സർക്കാരിന് നൽകേണ്ടതാണ്.
5. മൂന്നു ഘട്ടങ്ങളിലായി മൊത്തം 33,30,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കേണ്ടതാണ്.
6. സർക്കാരിൻെറ ഓഹരി പങ്കാളിത്തം 9 ശതമാനമായിരിക്കും.
7. പത്തു ഡയറക്ടർ ബോർഡ് അംഗങ്ങളിൽ ചെയർമാനെയും ഒരു ഡയറക്ടറെയും സംസ്ഥാന സർക്കാരിന് നാമനിർദ്ദേശം ചെയ്യാവുന്നതാണ്.
8. അഞ്ചു വർഷകാലത്തേക്ക് എറണാകുളം ജില്ലയിൽ സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ മറ്റു ഐ. ടി. പാർക്കുകൾ വികസിപ്പിക്കുകയോ നടത്തുകയോ പാടില്ല. 5 വർഷത്തേക്ക് എറണാകുളം ജില്ലയിൽ മറ്റ് ഐ.ടി.പാർക്കുകൾക്കായി Concessinal rate -ൽ സ്ഥലം allot ചെയ്യാൻ പാടില്ല. ഇൻഫോപാർക്കോ അതിനുസാമ്യം നിൽക്കുന്ന നാമധേയത്തിൽ മറ്റു പാർക്കുകളോ ഇന്ത്യയിലെങ്ങും ആരംഭിക്കുവാൻ പാടില്ല.
9. ഈ സംരംഭത്തെ പ്രത്യേക സാമ്പത്തിക മേഖലയായി പ്രഖ്യാപിക്കുവാൻ സംസ്ഥാന സർക്കാർ ശുപാർശ നൽകുന്നതാണ്.
10. പാട്ടത്തിന് നൽകുന്ന സ്ഥലം ആർട്ടിക്കിൾ 5.5 പ്രകാരം തൊഴിൽ സൃഷ്ടിക്കുന്നതിന്റെ പുരോഗതിക്ക് ആനുപാതികമായി ഫ്രീഹോൾഡ് ആയി മാറ്റി നൽകും.

Padmanabhan

സെക്ഷൻ ആഫീസർ

S.10

# അനുബന്ധം II

**ഒപ്പുവെച്ച കരാറിലെ പ്രധാന വ്യവസ്ഥകൾ താഴെ പറയുന്നവയാണ്.**

1. 246 ഏക്കർ സ്ഥലം മൊത്തം 104 കോടി രൂപ പാട്ട പ്രീമിയത്തിൽ 99 വർഷത്തേക്ക് പാട്ടത്തിനു നൽകും. ഏക്കർ ഒന്നിന് പ്രതി വർഷം ഒരു രൂപ നിരക്കാണ് പാട്ട വാടക തുകയായി നിശ്ചയിച്ചിരിക്കുന്നത്.
2. സംസ്ഥാന സർക്കാരിന് ആദ്യം 16% ഓഹരി പങ്കാളിത്തം ഈ സംരംഭത്തിൽ ഉണ്ടായിരിക്കും. അഞ്ചുവർഷത്തിനുശേഷം സർക്കാരിന്റെ ഓഹരി പങ്കാളിത്തം ഒരു സ്വതന്ത്ര മൂല്യനിർണ്ണയം നടത്തി നിശ്ചയിക്കുന്ന ഓഹരി വില അനുസരിച്ച് 26% ആക്കിവർദ്ധിപ്പിക്കുന്നതാണ്.
3. ഈ പദ്ധതിയുടെ മാസ്റ്റർ പ്ളാൻ പൂർത്തിയാക്കുന്ന മുറയ്ക്ക് പാട്ട വ്യവസ്ഥയിൽ നല്കിയിരിക്കുന്ന സ്ഥലത്തിന്റെ 12% ഫ്രീ ഹോൾഡായി മാറ്റാവുന്നതാണ്.
4. പത്തുപേരുള്ള ഡയറക്ടർ ബോർഡിൽ സംസ്ഥാന സർക്കാരിന്റെ രണ്ടു പ്രതിനിധികൾ ഉണ്ടായിരിക്കും. ഓഹരി പങ്കാളിത്തം 26 ശതമാനം ആകുന്നമുറയ്ക്ക് സർക്കാർ പ്രതിനിധികളുടെ എണ്ണം മൂന്നാക്കി ഉയർത്തുന്നതാണ്. Board of Directors meeting-ൽ quorum തികയണമെങ്കിൽ ഒരു സർക്കാർ നോമിനി ഉണ്ടായിരിക്കണം
5. കമ്പനിയുടെ ചെയർമാനെ സർക്കാരിന് നാമനിർദ്ദേശം ചെയ്യാവുന്നതാണ്.
6. മൊത്തം 8.8 മില്യൺ ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതാണ്. ഇതിൽ കുറഞ്ഞത് 6.2 മില്യൺ ചതുരശ്ര അടി സ്ഥലം (70%) ഐ.ടി/ഐ.ടി.ഇ.എസ് അനുബന്ധമേഖലകൾക്ക് മാത്രമായിരിക്കും. 8.8 മില്യൺ ചതുരശ്ര അടിയിൽ കൂടുതലായി നിർമ്മിക്കുന്ന സ്ഥലത്തിൽ IT/ITeS/അനുബന്ധ സർവ്വീസുകൾക്ക് മാറ്റി വയ്ക്കേണ്ട സ്ഥലം Board of Directors ലെ സർക്കാർ നോമിനിയുടെ അനുവാദത്തോടുകൂടി നിയമാനുസരണം അനുവദിക്കാവുന്ന അനുപാതത്തിലായിരിക്കും.
7. കുറഞ്ഞത് 90000 തൊഴിലവസരങ്ങൾ പത്തു വർഷത്തിനുള്ളിൽ സൃഷ്ടിക്കുവാൻ ആവശ്യമായ നടപടികൾ എടുക്കുന്നതാണ്.
8. സംസ്ഥാന സർക്കാരിന് ആരംഭത്തിൽ 16ശതമാനം ഓഹരിയും, ടീകോം ഇൻവെസ്റ്റ്മെന്റ് FZ-LLC ക്ക് 84% ഓഹരിയുമുള്ള ഒരു കമ്പനിയായിരിക്കും സ്മാർട്ട് സിറ്റി (കൊച്ചി) ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്.
9. ഈ സംരംഭത്തെ പ്രത്യേക സാമ്പത്തിക മേഖലയായി പ്രഖ്യാപിക്കുവാൻ സംസ്ഥാന സർക്കാർ ശുപാർശ നടത്തുന്നതാണ്.

Padmanabhan

സെക്ഷൻ ആഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.11 — 19.06.07ൽ മറുപടിക്ക്

## റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്നതിലെ അഴിമതി

| ചോദ്യം: | മറുപടി |
|---|---|
| ശ്രീ. കെ.സി.കുഞ്ഞിരാമൻ<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ<br>ശ്രീ.എം.ഹംസ<br>ശ്രീ.എം.ജെ.ജേക്കബ്<br>ശ്രീ.കെ.കെ.ജയചന്ദ്രൻ | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| (എ) റേഷൻ സാധനങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും യഥാസമയം റീട്ടെയിൽ റേഷൻ ഡിപ്പോകൾക്ക് ലഭ്യമാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (എ) റേഷൻ സാധനങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും റീട്ടെയിൽ റേഷൻ ഡിപ്പോകൾക്ക് ലഭിക്കുന്നതിന് കുറ്റമറ്റ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ മാസവും ആദ്യത്തെ ആഴ്ചയിൽ ജില്ലാ സപ്ലൈ ഓഫീസർമാർ/ താലൂക്ക് സപ്ലൈ ഓഫീസർമാർ എഫ്.സി.ഐയിൽ പോകുകയും ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തി സ്റ്റോക്ക് മാർക്ക് ചെയ്യുന്നു. ഗവൺമെന്റിൽ നിന്നും ലഭിച്ച അലോട്ട്മെന്റ് ജില്ലാ സപ്ലൈ ഓഫീസർമാർ താലൂക്കിന് തിരിച്ചു നൽകുകയും, താലൂക്ക് സപ്ലൈ ഓഫീസർമാർ മൊത്തവ്യാപാര ഡിപ്പോകൾക്ക് ഭാഗിച്ച് അലോട്ടി നൽകുകയും ചെയ്യുന്നു. മൊത്തവ്യാപാരികൾ ആയത് എഫ്.സി.ഐയിൽ നിന്നും സ്റ്റോക്ക് എടുക്കുന്നു. എഫ്.സി.ഐയിൽ നിന്നും സീൽഡ് സാമ്പിൾ പാക്കറ്റ് നൽകുന്നു. റേഷനിംഗ് ഇൻസ്പെക്ടർമാർ ചില്ലറ വ്യാപാരികൾക്ക് വിതരണത്തിനാവശ്യമായ അളവിൽ ഇൻഡന്റ് പാസ്സാക്കുകയും. ആയത് അലോട്ടി ലിസ്റ്റാക്കി താലൂക്ക് സപ്ലൈ ഓഫീസർ മൊത്ത വ്യാപാരികൾക്ക് നൽകുന്നു. അങ്ങിനെ അനുവദിച്ച അളവിലാണ് ചില്ലറ വ്യാപാരികൾക്ക് മൊത്ത വ്യാപാരികൾ റേഷൻ സാധനങ്ങൾ നൽകുന്നത്. ചില്ലറ വ്യാപാരികളോ അവരുടെ അംഗീകൃത പ്രതിനിധികളോ തൂക്കി ബോധ്യപ്പെട്ടാണ് റേഷൻ സാധനങ്ങൾ സ്റ്റോക്ക് എടുക്കുന്നത്. ഇതേ സമയം തന്നെ സീൽ ചെയ്ത സാമ്പിൾ പാക്കറ്റും മൊത്ത വ്യാപാരികൾ നൽകുന്നുണ്ട്. ഈ റേഷൻ സാധനങ്ങൾ വിതരണം നടക്കുമ്പോൾ എഫ്.സി.ഐയിൽ അസി.താലൂക്ക് സപ്ലൈ ഓഫീസർ / റേഷനിംഗ് ഇൻസ്പെക്ടർമാരെയും മൊത്തവ്യാപാര ഡിപ്പോയിൽ റേഷനിംഗ് ഇൻസ്പെക്ടർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) റേഷൻ സാധനങ്ങൾ റേഷൻ ഡിപ്പോകൾക്ക് വിതരണം ചെയ്യുന്നതിൽ അഴിമതി നടക്കുന്നതായുള്ള ആരോപണങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? എങ്കിൽ ഇതു സംബന്ധിച്ച അന്വേഷണം നടത്താനും കുറ്റക്കാർക്കെതിരെ നടപടിസ്വീകരിക്കാനും തയ്യാറാകുമോ? | (ബി) റേഷൻ മൊത്തവ്യാപര ഡിപ്പോകൾ ജില്ലാ സപ്ലൈ ഓഫീസറുടെയും താലൂക്ക് സപ്ലൈ ഓഫീസറുടെയും നേതൃത്വത്തിൽ പരിശോധിക്കുകയും കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. |

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുറ്റ കൃത്യങ്ങളുടെ പേരിൽ എത്ര റേഷൻ കടകൾ സസ്പെന്റ് ചെയ്തുവെന്നും, എത്ര മൊത്ത വ്യാപാര ഡിപ്പോകളുടെ ലൈസൻസ് റദ്ദാക്കിയെന്നും അറിയിക്കുമോ?

(സി) 289 റേഷൻ കടകൾ സസ്പെന്റ് ചെയ്യുകയും 15 മൊത്ത വ്യാപാര ഡിപ്പോകൾ സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 12

19.6.2007 ൽ മറുപടിക്ക്

## നിത്യോപയോഗ സാധനങ്ങളുടെ വിലനിയന്ത്രണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.എ. അസീസ് : | ശ്രീ. സി. ദിവാകരൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുവാൻ കൈക്കൊണ്ട നടപടികളുടെ ഭാഗമായി ബജറ്റിൽ നിന്നും എത്ര രൂപ അധികമായി ചെലവായിട്ടുണ്ട് ; | എ) നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുവാൻ കൈക്കൊണ്ട നടപടികളുടെ ഭാഗമായി 2006-07 സാമ്പത്തിക വർഷത്തിൽ 30 കോടി രൂപ മാർക്കറ്റ് ഇന്റർവെൻഷനും ഓണക്കിറ്റു വിതരണത്തിനും വേണ്ടി സർക്കാർ അനുവദിച്ചു. മൊത്തം 52 കോടി രൂപാ ചെലവായതായി കണക്കാക്കപ്പെടുന്നു. |
| ബി) എത്ര ഔട്ട്‌ലെറ്റുകൾ വഴിയാണ് നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് ഉപഭോക്താക്കൾക്ക് നല്കിയത് ; | ബി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 1103 ഔട്ട്‌ലെറ്റുകൾ വഴിയും തെരഞ്ഞെടുക്കപ്പെട്ട 1648 റേഷൻ കടകൾ വഴിയും നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| സി) ഈ നടപടിയും വില കുറയ്ക്കാനും ഉപഭോക്താക്കളെ സഹായിക്കുവാനും സാധിച്ചിട്ടുണ്ടോ ? | സി) ഉണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 13 — 19.06.2007-ൽ മറുപടിക്ക്.

## സംസ്ഥാന സിവിൽ സർവ്വീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വർക്കല കഹാർ:<br>ശ്രീ.കെ.സുധാകരൻ:<br>ശ്രീ.കെ.അച്ചുതൻ:<br>ശ്രീ.എ.പി.അനിൽകുമാർ | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>( മുഖ്യമന്ത്രി) |

എ) സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരിക്കുവാൻഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

ബി) ഉയർന്ന പോസ്റ്റുകളിലേക്ക് നേരിട്ടു നിയമനം നടത്താൻ സഹായകമായ സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരണം മൂലം സംസ്ഥാന ജീവനക്കാരുടെ താല്പര്യങ്ങൾ ഹനിക്കപ്പെടുമോ;

സി) ഈസർവ്വീസ് രൂപീകരിക്കുന്നതു സംബന്ധിച്ച് സർവ്വീസ് സംഘടന

(എ), (ബി), (സി) & (ഡി) നിലവിലുള്ള ഭരണ സംവിധാനം സുഗമമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ടി ശുപാർശകൾ സമർപ്പിക്കുവാൻ രൂപീകരിച്ച കേരള ഭരണപരിഷ്കാര സമിതി സർക്കാരിന് സമർപ്പിച്ച 9-ാം മത് റിപ്പോർട്ടിൽ കേരള സിവിൽ സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച ശുപാർശകൾ ഉണ്ട്. എന്നാൽ ഇതിന്റെ വിശദമായ നടപ്പാക്കൽ പരിപാടികൾ ചർച്ചകൾക്കും പരിയാലോചനകൾക്കും ശേഷം മതിയെന്നു തീരുമാനിച്ചിരുന്നു. ഇക്കാര്യത്തിൽ സംഘടനകളും മറ്റുമായി മുൻ ഗവൺമെൻറിന്റെ

| | |
|---|---|
| കളുമായി ചർച്ച നടത്തി അഭിപ്രായ സമന്വയം രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;<br>ഡി) പ്രസ്തുത ഉദ്യമം വേണ്ടെന്ന് വയ്ക്കുമോ? | കാലത്ത് പ്രാരംഭഘട്ട ചർച്ചകൾ വിവിധതലങ്ങളിൽ നടന്നുവെങ്കിലും ഒരു സമവായം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. പല പ്രായോഗിക ബുദ്ധിമുട്ടുകളും ഇത്തരുണത്തിൽ ശ്രദ്ധയിൽപ്പെടുകയുണ്ടായി. നിലവിലുള്ള വിവിധ സർവ്വീസുകളെ ഒരുപരിധിവരെ ഇതു ദോഷകരമായി ബാധിക്കുമെന്നുള്ള സംഘടനകളുടെ പരാതികൾ കണക്കിലെടുത്ത് ഈ ഗവൺമെൻറ്അധികാരത്തിൽവന്നതിനു ശേഷം ഇക്കാര്യത്തിൽ വിശദമായ ചർച്ചയും പരിശോധനയും ആവശ്യമുണ്ടെന്ന്വിലയിരുത്തുകയാണുണ്ടായത്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
5-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 14

19-6-2007-ൽ മറുപടിക്ക്

## പുതിയ റേഷൻ കാർഡുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് എം. പുതുശ്ശേരി | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ എന്നു മുതൽ നൽകും; ഏത് രീതിയിലുള്ള കാർഡാണ് നൽകുന്നത്; ഇതിനായി ഇതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ? | (എ) തദ്ദേശസ്വയംഭരണവകുപ്പ് എ.പി.എൽ/ ബി.പി.എൽ സർവ്വേ പൂർത്തിയാക്കി ലിസ്റ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് പുതുക്കിയ റേഷൻ കാർഡുകൾ വിതരണം ചെയ്തു തുടങ്ങും. സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഗൃഹനാഥന്റെ ഫോട്ടോ പതിച്ച് ലാമിനേറ്റ് ചെയ്ത കാർഡാണ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്. കാർഡ് പുതുക്കുന്നത് കെൽട്രോണുമായി സഹകരിച്ചാണ്. അപേക്ഷാഫാറം റേഷൻ കടകൾ വഴി കാർഡുടമയ്ക്ക് നൽകി അവ പൂരിപ്പിച്ച് കാർഡുടമയുടെ ഫോട്ടോ എടുക്കുന്ന നടപടികൾ എല്ലാ ജില്ലകളിലും പുരോഗമിക്കുകയാണ്. ഫോട്ടോ എടുക്കുന്ന സമയവും തീയതിയും പ്രാദേശിക മാധ്യമങ്ങൾ വഴിയും റേഷൻ കടകൾ വഴിയും കാർഡുടമകളെ യഥാസമയം അറിയിക്കുന്നുണ്ട്. |

S.14

| | |
|---|---|
| (ബി) പുതിയ കാർഡുകൾ നൽകുന്നതും കാർഡിൽ പേരു ചേർക്കുന്നതുമായ നടപടികൾ നിർത്തി വച്ചിട്ടുണ്ടോ, എങ്കിൽ എന്നുമുതലാണ് നിർത്തിവച്ചത്, ഇതു മൂലം ആളുകൾക്കുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, എങ്കിൽ ഇതു പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കുന്നത്? | (ബി) റേഷൻകാർഡുകളുടെ പുതുക്കൽ നടപടികൾക്ക് തടസ്സം വരാതിരിക്കാൻ 30.4.07 മുതൽ പുതിയ റേഷൻ കാർഡുകൾ നൽകുന്നതും പേരു ചേർക്കുന്നതുമായ നടപടികൾ നിർത്തി വച്ചിട്ടുണ്ട്. എന്നാൽ റിഡക്ഷൻ സർട്ടിഫിക്കറ്റ്, ജനന സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ പുതിയ അപേക്ഷാഫാറം പൂരിപ്പിച്ച് നൽകാവുന്നതാണ്. പുതുക്കിയ റേഷൻകാർഡുകൾ വിതരണം ചെയ്യുന്നതോടെ ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 15

19.6.2007 ൽ
മറുപടിയ്ക്ക്

## പാചകവാതക വിതരണക്കാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. രാജഗോപാലൻ :<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. പി.ടി.എ. റഹീം : | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് പാചക വാതക വിതരണക്കാരുടെ എണ്ണം അപര്യാപ്തമായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ഇല്ല. സംസ്ഥാനത്ത് ഇപ്പോൾ പാചക വാതക വിതരണക്കാരുടെ എണ്ണം അപര്യാപ്തമായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | ബി) ബാധകമല്ല. |
| സി) പുതിയ ഗാർഹിക കണക്ഷനു വേണ്ടിയുള്ള എത്ര അപേക്ഷകളാണ് ഇപ്പോൾ നിലവിലുള്ളത് ; | സി) സംസ്ഥാനത്ത് പുതിയ ഗാർഹിക പാചക വാതക കണക്ഷന് വേണ്ടിയുള്ള ഏകദേശം മൂന്നുലക്ഷത്തിനാലായിരം അപേക്ഷകൾ ഇപ്പോൾ തീർപ്പു കല്പിക്കാതെ നിലവിലുണ്ട്. |
| ഡി) ഗാർഹിക ഗ്യാസ് കണക്ഷന് അനുവദിച്ചിട്ടുള്ള വിതരണക്കാരുടെ ദുരുപയോഗം വർദ്ധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു തടയുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കുമോ ? | ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗാർഹിക പാചകവാതകം ദുരുപയോഗം ചെയ്യുന്നതിനെതിരെ വിവിധതരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിലും, ജില്ലാതലത്തിൽ ജില്ലാ സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിലും സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. താലൂക്ക് സപ്ലൈ ഓഫീസർ നേതൃത്വം നൽകുന്നതും, എണ്ണ കമ്പനികൾ നേതൃത്വം നൽകുന്നതുമായ പ്രത്യേക സ്ക്വാഡുകൾ ഉണ്ട്. ഗാർഹികാവശ്യത്തിനുള്ള പാചക വാതകം വ്യാവസായികാവശ്യത്തിന് ഉപയോഗിക്കുന്നതിനെതിരെ മിന്നൽ പരിശോധനകൾ നടത്തുന്നു. |

S.15

കുറ്റകൃത്യങ്ങൾ കണ്ടെത്തിയ കേസുകളിൽ
ജില്ലാ കളക്ടർമാർ ആവശ്യമായ
നിയമപ്രകാരം പ്രോസിക്യൂഷൻ
കേസെടുക്കുകയും, തിരഞ്ഞ നടപടികൾ
സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.
കൂടാതെ ജില്ലാകളക്ടർമാരും
ഉപതെരഞ്ഞെടുപ്പും, ഉപതെരഞ്ഞെടുപ്പ്
സംഘടനകളെയും സ്ഥാനാർത്ഥി
പ്രതിനിധികളെയും ഉൾപ്പെടുത്തി യോഗങ്ങൾ
ചേരാണമെന്ന് തന്നെ പറയുക വരെ
തിരിമറി ഉണ്ടാകാതെ കളക്ടർമാരുടെ
ശ്രദ്ധയിൽ നടപടികൾ
സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
5-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 16

19-6-2007-ൽ മറുപടിക്ക്

## ബി.പി.എൽ റേഷൻ കാർഡുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.എം. മാണി<br>,, തോമസ് ഉണ്ണിയാടൻ<br>,, സി.എഫ്. തോമസ്<br>പ്രൊഫ. എൻ. ജയരാജ് | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും വകുപ്പു മന്ത്രി) |
| എ. ബി.പി.എൽ റേഷൻ കാർഡുകൾ അർഹതപ്പെട്ടവർക്ക് നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;<br><br>ബി. ഈ കാർഡുകൾ അടിയന്തിരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (എ)യും (ബി) യും<br>2007 ലെ റേഷൻ കാർഡ് പുതുക്കുമ്പോൾ അർഹതപ്പെട്ടവർക്ക് ബി.പി.എൽ റേഷൻ കാർഡുകൾ നൽകുന്നതിനും, അനർഹരെ ഒഴിവാക്കുന്നതിനും, തദ്ദേശസ്വയംഭരണ വകുപ്പുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബി.പി.എൽ/എ.പി.എൽ കുടുംബങ്ങളെ കണ്ടെത്തുന്നതിനായി കുടുംബശ്രീ യൂണിറ്റുകൾ വഴി നടത്തുന്ന സർവ്വേ പൂർത്തിയാക്കി ഗുണഭോക്താക്കളെ കണ്ടെത്തി ലിസ്റ്റ് സ്വയംഭരണവകുപ്പ് സമർപ്പിക്കുന്ന മുറയ്ക്ക് റേഷൻ കാർഡുകൾ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ: 17 — 19-06-2007 ൽ മറുപടിയ്ക്ക്.

## തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം


ചോദ്യം:
ശ്രീ. വി.ജെ.തങ്കപ്പൻ :
ശ്രീ.വി.ശിവൻകുട്ടി :
ശ്രീ.ആനത്തലവട്ടം ആനന്ദൻ :
ശ്രീ.ആർ.സെൽവരാജ് :
ശ്രീമതി.ജെ.അരുന്ധതി :

ഉത്തരം
ശ്രീ. വി.എസ്.അച്യുതാനന്ദൻ
മുഖ്യമന്ത്രി


(എ). തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(എ) നിലവിലുള്ള അന്താരാഷ്ട്ര ടെർമിനലിൽ എയിറോബ്രിഡ്ജ് സ്ഥാപിക്കുക, കൂടുതൽ വിമാന പാർക്കിംഗ് ബേകൾ നിർമ്മിക്കുക, ആഭ്യന്തര ടെർമിനലിന്റെ വികസനം, അത്യാധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ അന്താരാഷ്ട്ര പാസഞ്ചർ ടെർമിനൽ ചാക്ക സൈഡിൽ സ്ഥാപിക്കുക തുടങ്ങിയവയാണ് തിരുവനന്തപുരം അന്താരാഷ്ട്രവിമാനത്താവളവികസനത്തിനായി സ്വീകരിച്ച നടപടികൾ. ഇതിനായി 2006-07 വർഷം 111.42 ലക്ഷം രൂപ റിപ്പയർ ആന്റ് മെയിന്റനൻസിനും, 1764.30 ലക്ഷം രൂപ വികസന പ്രവർത്തനങ്ങൾക്കും എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ ചെലവഴിച്ചിട്ടുണ്ട്.

(ബി). അന്താരാഷ്ട്ര പാസഞ്ചർ ടെർമിനലിന്റെ പണി എപ്പോൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(ബി). 2008 ഡിസംബർ മാസത്തോടുകൂടി പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) എത്ര വിമാനങ്ങൾക്കു ഇറങ്ങാനും പറന്നുയരുവാനുമുള്ള സൗകര്യമാണ് പുതിയ ടെർമിനലിൽ വിഭാവനം ചെയ്തിട്ടുള്ളത്, ഇത് അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി). പുതിയ ടെർമിനലിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ചെക്കിംഗ്, എമിഗ്രേഷൻ കസ്റ്റംസ് കൗണ്ടറുകൾ തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(സി). യും (ഡി) യും
പുതിയ ടെർമിനലിൽ പുറപ്പെടുന്ന 500 യാത്രക്കാരേയും എത്തിച്ചേരുന്ന 500 യാത്രക്കാരേയും കൈകാര്യം ചെയ്യുന്നതിനും, ഒരേ സമയം 8 വിമാനങ്ങൾക്ക് പാർക്കിംഗ് ബേയും വിഭാവനം ചെയ്യുന്നു. ചെക്കിംഗ് എമിഗ്രേഷൻ ഉൾപ്പെടെ ICAO നിശ്ചയിച്ചിട്ടുള്ള സ്റ്റാൻഡേർഡിലെ ടെർമിനൽ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ). വിമാനങ്ങളുടെ അറ്റകുറ്റപണികൾക്ക് വേണ്ടി ഹാംഗർ യൂണിറ്റിന് സ്ഥലം വിട്ടുകൊടുക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഇ). ഉണ്ട്. ഹാംഗർ യൂണിറ്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം ഇതിനകം തന്നെ എയർ ഇന്ത്യക്ക് അനുവദിച്ചുവെങ്കിലും ടിവാൻട്രം റബ്ബർ വർക്ക്സിന്റെ ചില വിഷയങ്ങൾ തീർപ്പാക്കുന്നതിലുള്ള കാലതാമസം മൂലം അത് കൈമാറിയിട്ടില്ല. 05..06..2007-ൽ ഇത് സംബന്ധിച്ച ഒരു ഉന്നതതലയോഗം ബഹു:നിയമമന്ത്രിയുടെ നേതൃത്വത്തിൽ ചേരുകയും ഈ സ്ഥലം എത്രയും വേഗം എയർ ഇന്ത്യക്ക് കൈമാറാൻ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

——— ——— ——

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ . 18 — 19/06/2007-ൽ മറുപടിക്ക്

## നെല്ലുസംഭരണത്തിലെ കുടിശ്ശിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി. ജോസഫ് : | ശ്രീ. സി. ദിവാകരൻ (ഭക്ഷ്യവും, സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| (എ) കുട്ടനാട്, അപ്പർ കുട്ടനാട്, ലോവർ കുട്ടനാട് മേഖലയിൽ നിന്നും ഈ സീസണിൽ എത്ര ടൺ നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിച്ചു ; | (എ) കുട്ടനാട്, അപ്പർ കുട്ടനാട്, ലോവർ കുട്ടനാട് മേഖലയിൽ നിന്നും ഈ സീസണിൽ 68536.22 ടൺ നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിച്ചു. |
| (ബി) ഇതിന് മൊത്തം നൽകേണ്ട വില എത്ര രൂപയാണെന്നും 2007 ജൂൺ 5 വരെ കൃഷിക്കാർക്ക് എത്ര രൂപ നൽകിയെന്നും വെളിപ്പെടുത്തുമോ ; | (ബി) ഇതിന് മൊത്തം നൽകേണ്ട വില 58,25,49, 413/- രൂപയാണ് 2007 ജൂൺ 5 വരെ കൃഷിക്കാർക്ക് 24,64,20,960/- രൂപ നൽകി കഴിഞ്ഞു. |
| (സി) കർഷകർക്ക് ബാക്കി പണം നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടി കൈക്കൊള്ളാനുദ്ദേശിക്കുന്നു ? | (സി) കർഷകർക്ക് കഴിയും വേഗം പണം ലഭ്യമാക്കുന്നതിനായി ബാങ്കിൽ നിന്നും ഓവർ ഡ്രാഫ്റ്റ് തുക വർദ്ധിപ്പിക്കുവാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പൊതുവിതരണത്തിലൂടെ വിൽക്കുന്ന അരിയുടെ അളവ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചതു വഴി റേഷൻ വ്യാപാരികളിൽ നിന്നും ലഭിക്കുന്ന തുകയും വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ തുകയും കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാനുള്ള ബാക്കി തുകയും ഉപയോഗിച്ച് കർഷകരുടെ ബാക്കി പണം പൂർണ്ണമായും തീർക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.19 — 19-6-2007-ൽ മറുപടിയ്ക്ക്

# സച്ചാർ കമ്മീഷൻ

**ചോദ്യം**

ശ്രീ. കെ കുട്ടി അഹമ്മദ് കുട്ടി
" കെ മുഹമ്മദുണ്ണി ഹാജി

എ) സച്ചാർ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെൻറ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പതിനഞ്ചിന പരിപാടിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

ബി) ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് വേണ്ടി സംസ്ഥാന ഗവൺമെൻറിന് ഫണ്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര;

സി) സച്ചാർ കമ്മീഷൻ ശുപാർശയുടെ വെളിച്ചത്തിൽ മുസ്ലീം സമുദായത്തിൻെറ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

ശ്രീ. വി എസ്. അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

(എ)യും (ബി)യും (സി)യും

സച്ചാർ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്രഗൺമെൻറ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പതിനഞ്ചിന പരിപാടിയുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. അതേ സമയം പ്രധാനമന്ത്രിയുടെ "പുതിയ പതിനഞ്ചിന പരിപാടി" 2006 സെപ്തംബർ മാസം ലഭിച്ചിട്ടുള്ളതുമാകുന്നു. സച്ചാർ കമ്മീഷൻ റിപ്പോർട്ട് 2006 നവംബർ മാസമാണ് പുറത്തു വന്നിട്ടുള്ളത്. പ്രധാനമന്ത്രിയുടെ പുതിയ പതിനഞ്ചിന പരിപാടി മൊത്തത്തിലുള്ള ന്യൂനപക്ഷ സമുദായങ്ങളുടെ ഉന്നമനവും ക്ഷേമവും ലക്ഷ്യമാക്കിയിട്ടുള്ളതാണ്. സച്ചാർ കമ്മിറ്റിയുടെ കണ്ടെത്തലനുസരിച്ച് പരസ്പര പൂരകങ്ങളായ താഴെപ്പറയുന്ന മൂന്ന് വിഷയങ്ങളാണ് രാജ്യത്തെ ന്യൂനപക്ഷങ്ങളെ പ്രത്യേകിച്ച് മുസ്ലീം സമുദായത്തെ ബാധിക്കുന്നത്.

S. 19

1) ന്യൂനപക്ഷമാണെന്ന തിരിച്ചറിവ്

2) സുരക്ഷ

3) തുല്യത

മേൽപ്പറഞ്ഞ വിഷയങ്ങളും മുസ്ലീങ്ങളുടെ പിന്നോക്കാവസ്ഥയും പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയും എന്നതു് സർക്കാർ വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

പ്രധാനമന്ത്രിയുടെ പുതിയ പതിനഞ്ചിന പരിപാടിയിൽ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ അവസരങ്ങൾ ഉയർത്തുക, സാമ്പത്തികവും തൊഴിൽപരവുമായ മേഖലകളിൽ തുല്യത ഉറപ്പുവരുത്തുക, ജീവിത നിലവാരം ഉയർത്തുക എന്നതൊക്കെയാണ് ലക്ഷ്യമിടുന്നത്. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് ചീഫ് സെക്രട്ടറി, ജില്ലാ കളക്ടർ എന്നിവർ ചെയർമാനായി സംസ്ഥാനതല ജില്ലാതല കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

[signature]

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ- 20.

19.6.2007-ൽ മറുപടിക്ക്

## കണ്ണൂർ വിമാനത്താവള നിർമ്മാണം

**ചോദ്യം**

ശ്രീ.പി.സി.വിഷ്ണുനാഥ്

എ) കണ്ണൂർ വിമാനത്താവള നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; ഇതിന് ആവശ്യമായ അനുമതികളെല്ലാം ലഭിച്ചോ;

ബി) ഇല്ലെങ്കിൽ ഇനി ഏതെല്ലാം അനുമതികളാണ് ലഭിക്കുവാനുള്ളത്;

**ഉത്തരം**

ശ്രീ.വി.എസ്.അച്യുതാനന്ദൻ
മുഖ്യമന്ത്രി

(എ) യും (ബി) യും

കണ്ണൂർ വിമാനത്താവളത്തിന് കേന്ദ്ര സർക്കാരിന്റെ തത്വാധിഷ്ഠിത അംഗീകാരം ലഭിക്കുന്നതിന് ഇപ്പോൾ തടസ്സങ്ങളൊന്നുമില്ല. കേന്ദ്ര വ്യോമയാന മന്ത്രാലയം ആവശ്യപ്പെട്ടതനുസരിച്ച് എയർ പോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ ഒരു ട്രാഫിക് സ്റ്റഡി നടത്തുകയും അവർ അനുകൂലമായ റിപ്പോർട്ട് വ്യോമയാന മന്ത്രാലയത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. പ്രതിരോധ മന്ത്രാലയം ഈ പദ്ധതിക്ക് എൻ.ഒ.സി. നൽകിക്കഴിഞ്ഞു. പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ഈ ഘട്ടത്തിൽ ആവശ്യമില്ലെന്നും പദ്ധതി രൂപരേഖ തയ്യാറാക്കി, പരിസ്ഥിതി ആഘാത വിലയിരുത്തൽ നടത്തിയശേഷം മാത്രം അനുമതിക്ക് അപേക്ഷിച്ചാൽ മതിയെന്നും സംസ്ഥാന സർക്കാരിനെ അറിയിച്ചുകഴിഞ്ഞിട്ടുണ്ട്. കണ്ണൂർ വിമാനത്താവളത്തിന് 2000 ഏക്കർ ഭൂമി ഫാസ്റ്റ് ട്രാക്ക് പദ്ധതിയിൽപ്പെടുത്തി ഏറ്റെടുക്കുന്നതിനും, കിൻഫ്രായെ പദ്ധതിയുടെ നോഡൽ ഏജൻസിയാക്കുന്നതിനും, പ്രതിരോധ മന്ത്രാലയത്തിന് 10 ഏക്കർ ഭൂമി നേവൽ എയർ എൻക്ലേവിന്റെ വികസനത്തിന് പാട്ട

S. 20

വ്യവസ്ഥയിൽ നൽകുന്നതിനും സർക്കാർ തീരുമാനമെടുത്തു കഴിഞ്ഞു. ഈ സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ തത്വാധിഷ്ഠിത അംഗീകാരം എത്രയും വേഗം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര വ്യോമയാന മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ തത്വാധിഷ്ഠിത അംഗീകാരം എത്രയും വേഗം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

| | |
|---|---|
| സി) ഈ വിമാനത്താവള നിർമ്മാണത്തിനുള്ള പണം എപ്രകാരമാണ് കണ്ടെത്തുന്നത്; ഇതുവരെ ഈ ആവശ്യത്തിന് എന്തു തുക കണ്ടെത്തിയിട്ടുണ്ട്; ആകെ നിർമ്മാണച്ചെലവ് എത്രയാണ്;<br>ഡി) ഈ വിമാനത്താവളം എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ? | <u>(സി) യും (ഡി) യും</u><br>കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അനുമതി ലഭ്യമായശേഷം മാത്രമേ വിമാനത്താവള നിർമ്മാണത്തിന് പദ്ധതി രൂപരേഖ തയ്യാറാക്കുവാനും പദ്ധതി ചെലവ് നിശ്ചയിക്കാനും അത് എങ്ങനെ കണ്ടെത്തുമെന്നുമുള്ള കാര്യങ്ങളിൽ തീരുമാനമെടുക്കാനും കഴിയുകയുള്ളൂ. |

ഉദ്യോഗസ്ഥ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.21 19.6.2007 ൽ മറുപടിയ്ക്ക്

കന്നുകാലി സമ്പത്ത്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :<br>ശ്രീ. പി. തിലോത്തമൻ :<br>ശ്രീ. കെ. അജിത് :<br>ശ്രീ. പള്ളിപ്രം ബാലൻ : | ശ്രീ.സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| (എ) കേരളത്തിലെ കന്നുകാലി സമ്പത്ത് എത്രയാണ്; | (എ) കേരളത്തിലെ കന്നുകാലി സമ്പത്തിന്റെ കണക്ക് താഴെ കൊടുക്കുന്നു.<br>പശു --- 2122453 എണ്ണം<br>എരുമ--- 66618 എണ്ണം<br>ആട് ---- 1213173 എണ്ണം<br>പന്നി --- 76452 എണ്ണം |
| (ബി) ഈ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (ബി) ഉണ്ട്. താഴെപ്പറയുന്ന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>1. ഊർജ്ജിത കന്നു കാലി വികസനം.<br>2. പ്രത്യേക കന്നുകാലി വികസന പദ്ധതി<br>3. മൃഗാശുപത്രികളുടെ വികസനവും പുന: സംഘടനയും.<br>4. രോഗ നിയന്ത്രണ പദ്ധതികൾ.<br>കേരള കന്നുകാലി വികസന ബോർഡ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു; |

1. ശാസ്ത്രീയമായ കന്നുകാലി പ്രജ നന നയം.
2. പ്രീമിയം വിത്തുകാള പദ്ധതി.
3. ഗോ രേഖാ പദ്ധതി.
4. ക്ഷീര ധാരാ പദ്ധതി.
5. ഗുണമേന്മ കൂടിയ വിത്തു കാള കളുടെ ഇറക്കുമതി.

(സി) പാൽ, മുട്ട എന്നിവയുടെ കാര്യത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കാൻ കഴിയുന്ന തരത്തിലുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

(സി) ഉണ്ട്. പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് പശുഗ്രാമം , മിൽക്ക് ഷെഡ് ഡവലപ്പ്മെന്റ് പ്രോഗ്രാം, കാലിത്തീറ്റ ഫോഡർ വിളകളുടെ കൃഷി എന്നീ പദ്ധതികൾ ഡയറി വകുപ്പ് നടപ്പിലാക്കി വരുന്നു. കെ.എൽ. ഡി. ബോർഡ് ഉല്പാദന ശേഷിയുള്ള വിത്തു കാളകളെ വാങ്ങി ഉല്പാദന ക്ഷമത വർദ്ധിപ്പിച്ച് പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ സാമ്പത്തിക വർഷം ഫ്ളാഗ്ഷിപ്പ് പദ്ധതി പ്രകാരം മുട്ടയുല്പാദനം 143.46 കോടിയായി ഉയർത്തുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ കേരള പൗൾട്രി വികസന കോർപ്പറേഷൻ സ്റ്റെപ്പ് 1, സ്റ്റെപ്പ് 2, എസ്.ജി.എസ്. വൈ. എന്നീ പദ്ധതികൾ പ്രകാരം 19 കോടി മുട്ട സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്നു.

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 22.** **19.6.2007-ൽ മറുപടിയ്ക്ക്**

### *രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി*

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.കാർത്തികേയൻ<br>ശ്രീ.എൻ.ശക്തൻ | ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) തിരുവനന്തപുരത്തെ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി ഏറ്റെടുക്കുന്നതിന് സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന്റെ സയൻസ് ആന്റ് ടെക്നോളജി വകുപ്പിൽ നിന്നും സംസ്ഥാന സർക്കാരിന് എന്നാണ് കത്ത് ലഭിച്ചത്; | (എ) 25.5.2006 ൽ കത്തു ലഭിച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; | (ബി) രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി കേന്ദ്ര സർക്കാരിനു വിട്ടുകൊടുക്കുവാനുള്ള നയപരമായ തീരുമാനം സർക്കാർ എടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ പ്ലാനിംഗ് ബോർഡുമായും കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പു മന്ത്രിയുമായും കൂടിയാലോചിക്കുകയും തുടർന്ന് കേന്ദ്ര സർക്കാർ ഒരു ധാരണാ പത്രം അയച്ചു തരുകയും ചെയ്തു. ഇതിൻമേൽ നിയമവകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും അഭിപ്രായം ആരാഞ്ഞ ശേഷം ഈ ധാരണാപത്രം കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി അയച്ചു കൊടുത്തു. ഇത് ഇപ്പോൾ കേന്ദ്ര ക്യാബിനറ്റിന്റെ പരിഗണനയിലാണ് എന്ന് അറിയിച്ചിട്ടുണ്ട്. |
| (സി) ഇത് സംബന്ധിച്ച് ഒപ്പുവയ്ക്കേണ്ട 'എം.ഒ.യു.' കേന്ദ്ര സർക്കാരിൽ നിന്ന് എന്നാണ് സംസ്ഥാന സർക്കാരിന് ലഭിച്ചത്; | (സി) 7.7.2006-ന് ലഭിച്ചു. |

(തുടർച്ച-----2)

S. 22

(ഡി) കേന്ദ്ര സർക്കാർ നൽകിയ 'എം.ഒ.യു.'വിൽ എന്തൊക്കെ ഭേദഗതികളാണ് സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്?

(ഡി) ഈ ഗവേഷണ കേന്ദ്രം ഇപ്പോൾ സ്ഥിതി ചെയ്യുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്നതു സംബന്ധിച്ചും, സമീപത്തുള്ള സ്ഥലം അധികമായി ലഭ്യമാക്കണമെന്നതു സംബന്ധിച്ചും ഉള്ള നിർദ്ദേശങ്ങളിൻമേലാണ് സംസ്ഥാന സർക്കാർ ഭേദഗതി നിർദ്ദേശിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ.

---

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 23 19/6/2007 ൽ മറുപടിയ്ക്ക്

## ഐ.ടി.മിഷൻ പദ്ധതി.

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സി.എച്ച്.കുഞ്ഞമ്പു<br>ശ്രീ.കെ.വി.അബ്ദുൾഖാദർ<br>ശ്രീ.എ.പ്രദീപ് കുമാർ<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ<br>ശ്രീ.അൽഫോൺസ് കണ്ണന്താനം. | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാന ഐ.ടി.മിഷൻ പുതുതായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | (എ) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഐ.ടി.മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ജോലി സാദ്ധ്യതകൾ പരിഗണിച്ച് ആവശ്യമായ മനുഷ്യശേഷി സംസ്ഥാനത്ത് ലഭ്യമാകുന്നതിന് ഐ.ടി മിഷൻ പദ്ധതി ആരംഭിയ്ക്കുമോ ? | (ബി) ഐ.ടി.മേഖലയിൽ ഉണ്ടായിട്ടുള്ള ജോലി സാദ്ധ്യതകൾ പരിഗണിച്ച് ആവശ്യമായ മനുഷ്യശേഷി സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഐ.ടി.മിഷൻ ആരംഭിച്ചിട്ടുണ്ട്. |
| (സി) പുതിയ കോഴ്സുകളും പരിശീലനപരിപാടികളും മിഷന്റെ മേൽനോട്ടത്തിൽ ആരംഭിയ്ക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) പുതിയ കോഴ്സുകൾ, പരിശീലന പരിപാടികൾ എന്നിവ (നിലവിലുള്ളതിനു പുറമേ) ആരംഭിയ്ക്കാൻ ഐ.ടി.മിഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

Padmanabhan

സെക്ഷൻ ആഫീസർ

**അനുബന്ധം**

**സംസ്ഥാന ഐ.ടി മിഷൻ പുതുമായി ആവിഷ്ക്കരിക്കുന്ന പദ്ധതികൾ**

1) INSIGHT-ICT Centre for differentially abled.

അന്ധർ, ബധിരർ, മൂകർ, വികലാംഗർ, തുടങ്ങിയവർക്കായിട്ടുള്ള കമ്പ്യൂട്ടറും അനുബന്ധ സോഫ്റ്റ് വെയറുകളും വികസിപ്പിക്കുന്നതിനുള്ള പദ്ധതി ഐ.ടി.മിഷൻ ആരംഭിച്ചിട്ടുണ്ട്.

2) വിജ്ഞാന ശേഖരണം

സാധാരണക്കാർക്കും നിർദ്ധന ജനവിഭാഗങ്ങൾക്കും, സ്ത്രീകൾക്കും ഉതകുന്ന തരത്തിൽ വിജ്ഞാനശേഖരണവും വ്യാപനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നതിനുള്ളപദ്ധതികൾ ഐ.ടി മിഷൻ ആരംഭിച്ചുകഴിഞ്ഞു.

3) നാട്ടറിവുകളുടെ ശേഖരണം

ഇടുക്കി, വയനാട് ജില്ലകളിലെ നാട്ടറിവുകളുടെ ശേഖരണം

4) ഡിജിറ്റൽ കണ്ടന്റ് ലൈബ്രറി

വിവിധഏജൻസികളുടെ കൈയിൽ ഡിജിറ്റൽ രൂപത്തിലുള്ള വിജ്ഞാനം ശേഖരിച്ച് പൊതുജനങ്ങൾക്ക് എത്തിക്കുന്നതിനുള്ള പദ്ധതി.

5) ഗവൺമെന്റ് ഓൺലൈൻ

വിവിധ സർക്കാർ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള പദ്ധതി.

6) ഡിജിറ്റൽ ജില്ല

വിവിധ സർക്കാർ വകുപ്പുകളുടെ പൊതുജനസേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾ വഴി ഏകീകരിച്ച് നടപ്പിലാക്കുന്നതിനുള്ള പദ്ധതി. മലപ്പുറത്ത് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിവരുന്നു.

7) ഇ-ഡിസ്ട്രിക്ട്

കണ്ണൂർ, പത്തനംതിട്ട ജില്ലകളിൽ കളക്ട്രേറ്റുകൾ മുഖേന നടപ്പാക്കുന്നു.

8) സൈബർ ക്രൈം പ്രിവൻഷൻ

സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുകയും സോഫ്റ്റ്വെയർ വികസിപ്പിക്കുകയും ചെയ്യുന്നതിനുള്ള പദ്ധതി.

9. സ്വതന്ത്ര സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനുള്ള ഇന്റർനാഷണൽ സെന്റർ

സ്വതന്ത്ര സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിനായി ഇന്റർനാഷണൽ സെന്റർ സ്ഥാപിക്കുന്നു.

10. സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് ഐ.ടി/ഐ.ടി.ഇ.എസ് മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ജോലി സാദ്ധ്യതകളെക്കുറിച്ച് അറിയുന്നതിനും അത് ഉപയോഗിക്കുന്നതിനും ഒരു ജോബ് പോർട്ടൽ ഒരുക്കുന്നതാണ്.

11. സംസ്ഥാനത്തെ തെരഞ്ഞെടുത്ത സർക്കാർ പോളിടെക്നിക്കുകളിലെ അവസാന വർഷ വിദ്യാർത്ഥികൾക്കായി ഇംഗ്ലീഷ് ഭാഷാ പരിശീലനപരിപാടികൾ നടത്തുവാൻ ഉദ്ദേശിക്കുന്നു.

12. സർക്കാർ ധനസഹായത്തോടെ ഫിനിഷിംഗ് സ്കൂളുകൾ സ്ഥാപിക്കുന്നതാണ്.

13. റെഡ് ഹാറ്റുമായി ചേർന്ന് സർക്കാർ ഉദ്യോഗസ്ഥർക്ക് ഫ്രീ ഓപ്പൺ സോഫ്റ്റ്വെയറിൽ പരിശീലനം നൽകുന്നതാണ്.

Padmanabhan
Section officer

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 24 19.06.2007 - ൽ മറുപടിക്ക്

പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി . പി. അയിഷാ പോററി<br>ശ്രീ . ആനത്തലവട്ടം ആനന്ദൻ<br>ശ്രീ . പി. ജയരാജൻ<br>ശ്രീ . ബി. രാഘവൻ<br>ശ്രീ . എ . എം . ആരിഫ് | ശ്രീ . എളമരം കരീം<br>(വ്യവസായ വകുപ്പു മന്ത്രി) |
| (എ) പരമ്പരാഗത വ്യവസായങ്ങളുടെ അഭിവൃദ്ധിക്കും പുനരുദ്ധാരണത്തിനും വേണ്ടി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്, | (എ) പ്രധാന പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി, ഖാദി, കശുവണ്ടി, കരകൗശലം, ഈററ, മുള എന്നീ മേഖലകളുടെ അഭിവൃദ്ധിക്കും പുനരുദ്ധാരണത്തിനും വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെ പറയും വിധമാണ്.<br><br>• കയർ മേഖല:-<br><br>അനുബന്ധം I ൽ കാണാവുന്നതാണ്.<br><br>• കൈത്തറി മേഖല:-<br><br>കണ്ണൂർ ജില്ലയിൽ പുതുതായി ഫാഷൻ ടെക്നോളജി ഇൻസ്ററിററ്യൂട്ട് സ്ഥാപിക്കുന്നതിനായി സ്ഥലം കണ്ടെത്തുകയും, ആയതിനായി ഒരുകോടി രൂപ കൈമാറുകയും |

| | |
|---|---|
| | ചെയ്തു. സംസ്ഥാനത്തെ സ്കൂൾ കുട്ടികൾ ആഴ്ചയിൽ ഒരു ദിവസം കൈത്തറി / ഖാദി യൂണിഫോം ധരിക്കണമെന്നു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥർ ശനിയാഴ്ച ദിവസം കൈത്തറി /ഖാദി വസ്ത്രം ധരിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. കുഴിനൂൽ സബ്സിഡി ഇനത്തിൽ കഴിഞ്ഞ വർഷം 2 കോടി രൂപയും തിരുവനന്തപുരം ജില്ലയിലെ കൈത്തറി സംഘങ്ങൾക്ക് 2001-02 ലെ റിബേറ്റ് കുടിശ്ശികയായി 122 ലക്ഷം രൂപയും ഹാൻവീവിനും, ഹാന്റക്സിനും 2004-05 ലെ റിബേറ്റ് കുടിശ്ശികയായ 1.78 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. ഫാക്ടറി ടൈപ്പ് കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് മിനി ഫ്രീലൂം പ്രോസസ്സിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിനായി 2006- 07 ൽ 31 പ്രാഥമിക സംഘങ്ങൾക്ക് 60 ലക്ഷം രൂപ നൽകുകയുണ്ടായി. പുതിയ മൂല്യാധിഷ്ഠിത ഉത്പന്നങ്ങൾ വികസിപ്പിക്കുന്നതിനായി റി.പി.ഡി.സി മുഖാന്തിരം നൂതനമായ ഡിസൈനുകൾ തിരുവനന്തപുരം ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട സംഘങ്ങളിലൂടെ നടപ്പിലാക്കിവരുന്നു. കൂടാതെ കേന്ദ്രസർക്കാർ നിർദ്ദേശമനുസരിച്ച് സംസ്ഥാനത്ത് 433 സംഘങ്ങളുടെ ആഡിറ്റ് നടത്തി അതിന്റെ വിശദ വിവരം നബാർഡ് മുഖാന്തിരം കേന്ദ്ര ഗവൺമെന്റിനു സഹായത്തിനായി നൽകിയിട്ടുണ്ട്.<br><br>• ഖാദി മേഖല :-<br><br>ഖാദി ഗ്രാമ വ്യവസായങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി 490 ലക്ഷം രൂപ ഈ |

സാമ്പത്തിക വർഷം സംസ്ഥാന പദ്ധതി പ്രകാരം വകയിരുത്തിയിട്ടുണ്ട്. ഖാദി തുണിത്തരങ്ങളുടെ ചില്ലറ വില്പനയ്ക്ക് അനുവദിച്ചിരുന്ന റിബേററ് തുടർന്നും അനുവദിച്ചിട്ടുണ്ട്. റിബേററ് തുടർന്നും നൽകുന്നതിനായി 473 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. ഈ മേഖലയിലെ തൊഴിലാളികൾക്ക് യൂണിററുകൾ ആരംഭിക്കുന്നതിനായി ഒരു ഗ്രാമ പഞ്ചായത്തിൽ 10 എന്ന കണക്കിന് പതിനൊന്നാം പദ്ധതിക്കാലത്ത് ധനസഹായം നൽകുന്നതാണ്. ബാങ്ക് വഴി ലഭിക്കുന്ന വായ്പയ്ക്ക് പദ്ധതി തുകയുടെ 30% മുതൽ 50% വരെ മാർജിൻ മണി ആയി നൽകുന്നതാണ്. പരമാവധി 50,000/- രൂപ വരെയുള്ള പ്രോജക്ടുകൾക്ക് ഈ പദ്ധതിയുടെ കീഴിൽ സഹായം നൽകും. ഇതിനായി ഈ സാമ്പത്തിക വർഷം 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

- കശുവണ്ടി മേഖല:-

2006-07 സാമ്പത്തിക വർഷം കാഷ്യു കോർപ്പറേഷന്റെ ബാങ്ക് ബാധ്യത തീർക്കുന്നതിന് വാർഷിക ഗഡുവായി 22.32 കോടി രൂപയും പ്രവർത്തന മൂലധനമായി 11 കോടി രൂപയും കാപ്പക്സിന് 4 കോടി രൂപയും നൽകിയിട്ടുണ്ട്. 2007-08 സാമ്പത്തിക വർഷത്തേയ്ക്ക് ബാങ്കു വായ്പയുടെ ഗഡു അടയ്ക്കുന്നതിനു വേണ്ടി 30 കോടി രൂപ ബഡ്ജററിൽ വകയിരുത്തിയിട്ടുണ്ട്. കശു അണ്ടിവ്യവസായത്തിന്റെയും കശുമാവ് കൃഷിയുടെയും വികസനത്തിനു വേണ്ടി 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കാഷ്യു

| | |
|---|---|
| | ഡെവലപ്മെന്റ് കോർപ്പറേഷന്റെ വിവിധ തലങ്ങളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 1400 പേർക്ക് പുതിയതായി നിയമനം നൽകി. തൊഴിലാളികളുടെ മിനിമം കൂലി 2007 ജനുവരി 1 മുതൽ പുതുക്കി നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മേഖലയുടെ സുഗമമായ പ്രവർത്തനത്തിന് ഒരു കാഷ്യു സ്പെഷ്യൽ ഓഫീസറെ നിയമിച്ച് തോട്ടണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കശുവണ്ടിയുടെ ആഭ്യന്തര വിപണി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷൻ വിവിധ ജില്ലകളിൽ ഔട്ട്ലറ്റുകൾ തുറന്ന് കൺസ്യൂമർഫെഡ്, ത്രിവേണി എന്നിവ വഴി കശുവണ്ടിപ്പരിപ്പ് വിപണനം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു. കാഷ്യു സ്പെഷ്യൽ ഓഫീസറുടെ നിയന്ത്രണത്തിൽ കശുമാവ് കൃഷിയുടെ വ്യാപനത്തിനായി കൊല്ലത്ത് കേരളാ സ്റ്റേറ്റ് ഏജൻസി ഫോർ ദി എക്സ്പാൻഷൻ ഓഫ് കാഷ്യു കൾട്ടിവേഷൻ എന്ന ഏജൻസിക്ക് രൂപം നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>• കരകൗശലം, ഈറ്റ/മുള മേഖലകൾ :-<br><br>ഈറ്റ/മുള വികസനം ഉൾപ്പെടെ കരകൗശല മേഖലയുടെ അഭിവൃദ്ധിക്കും പുനരുദ്ധാരണത്തിനുമായി താഴെ പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി നടപ്പ് സാമ്പത്തിക വർഷം 104 ലക്ഷം രൂപ ബഡ്ജററിൽ വകയിരുത്തിയിട്ടുണ്ട്.<br><br>പ്രാഥമിക കരകൗശല സംഘങ്ങൾക്ക് സർക്കാർ ഓഹരി പങ്കാളിത്തം ഉറപ്പു [illegible] |

| | |
|---|---|
| | വരുത്തൽ, വാർദ്ധക്യകാല പെൻഷൻ. കരകൗശല മേഖലയിലെ അഗ്രതല സ്ഥാപനങ്ങൾ വഴി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കൽ, ദേശീയ പിന്നോക്ക ധനകാര്യ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ വായ്പാ പദ്ധതി നടപ്പാക്കൽ, കോമൺ ഫെസിലിററി സർവീസ് സെന്ററുകൾ ആരംഭിക്കൽ, നിലവിലുള്ളവ നവീകരിക്കൽ. പുതിയ ഡിസൈനുകൾ പ്രോൽസാഹിപ്പിക്കൽ എന്നിവയാണ് പദ്ധതികൾ.<br><br>കരകൗശല മേഖലയിൽ നൂതന സാങ്കേതിക വിദ്യയുടെ ഉപയോഗം കരകൗശല വികസന കോർപ്പറേഷൻ നടപ്പാക്കിവരുന്നു. ഇതിനാവശ്യമായ പരിശീലനവും സഹായവും കോർപ്പറേഷൻ നൽകിവരുന്നു. കരകൗശല കലാകാരന്മാരുടെ ക്ലസ്ററുകളിൽ കോമൺ ഫെസിലിററി സർവീസ് സെന്ററുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. നൂതന ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം തൊഴിലാളികൾക്ക് സുരഭി വഴി നൽകി വരുന്നു. കൂടാതെ വിവിധ ക്ഷേമ പദ്ധതികളും നടപ്പാക്കിവരുന്നു. |
| (ബി) കൈത്തറി, ഖാദി വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനായി സർക്കാർ പ്രത്യേക പദ്ധതി ആവിഷ്ക്ക | ഈററ, മുള മേഖലയിൽ സംസ്ഥാന ബാംബൂ കോർപ്പറേഷൻ സംസ്ഥാന സർക്കാരിന്റെയും നാഷണൽ ബാംബൂ മിഷന്റെയും സാമ്പത്തിക സഹായത്തോടെ ഈററവെട്ട് - പനമ്പ് - നെയ്ത്ത് തൊഴിലാളികളുടെ തൊഴിൽ ദിനങ്ങളും ദിവസ വരുമാനവും വർദ്ധിപ്പിക്കുന്നതിനായി വിവിധപ്രദേശങ്ങളിൽ കമ്മ്യൂണിററി പനമ്പ് - നെയ്ത്ത് കേന്ദ്രങ്ങൾ ആരംഭിച്ചു. ബാംബൂ ബോർഡ് ഫാക്ടറിയുടെ ആധുനികവത്കരണത്തിനും, വൈവിധ്യവത്കരണത്തിനുമായി 370 ലക്ഷം രൂപയുടെ പദ്ധതി |

3 

| | |
|---|---|
| രിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | നടപ്പിലാക്കുവാനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചു വരുന്നു. |
| (സി) ഖാദിയും കൈത്തറിയും ജനപ്രിയമാക്കുന്നതിന് സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ് ; | (ബി) കൈത്തറി, ഖാദി വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനായുള്ള പദ്ധതികൾ, ചോദ്യത്തിന്റെ (എ) പിരിവിൽ കൈത്തറി, ഖാദി എന്നീ മേഖലകളെ സംബന്ധിച്ച് വിവരിച്ചിരിക്കുന്നവ തന്നെയാണ്.<br><br>(സി) ഖാദി തുണിത്തരങ്ങൾക്ക് ജനങ്ങളുടെ അഭിരുചിക്കനുസൃതമായ ഡിസൈനുകൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. ഖാദി, സിൽക്ക് തുണിത്തരങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ഖാദി ബോർഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതാണ്. ഗുണമേന്മയേറിയ തുണിത്തരങ്ങളുടെ റെഡിമെയ്ഡ് വസ്ത്രങ്ങളുടെ ഉല്പാദനവും കൂടുതൽ വിപുലപ്പെടുത്തുന്നതാണ്. സ്കൂളുകളിൽ ആഴ്ചയിൽ ഒരു ദിവസം ഖാദി /കൈത്തറി യൂണിഫോം ധരിക്കണമെന്ന ഉത്തരവും, കൂടാതെ സർക്കാർ ഉദ്യോഗസ്ഥർ ശനിയാഴ്ച ദിവസം ഖാദി/കൈത്തറി വസ്ത്രം ഉപയോഗിക്കണമെന്നും സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്. ആഴ്ചയിലൊരു ദിവസം ഖാദി /കൈത്തറി ഉപയോഗിക്കണമെന്നുള്ള പ്രചരണവും നടത്തുന്നുണ്ട്. |
| (ഡി) വിദേശ വിപണി ലക്ഷ്യമാക്കി ഈ മേഖലയിൽ ഉല്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനും പദ്ധതി ആവിഷ്ക്കരിക്കുമോ ? | (ഡി) പരമ്പരാഗത വ്യവസായങ്ങളായ കയർ കൈത്തറി, ഖാദി, കശുവണ്ടി, കരകൗശലം, ഈറ, മുള തുടങ്ങിയ മേഖലകളിൽ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും, വൈവിധ്യവൽക്കരിക്കുന്നതിനും താഴെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. |

- **കയർ :-**

1. ഗുണനിലവാരവും, വൈവിധ്യവൽക്കരണവും നടപ്പാക്കുന്നതിന്റെ ഭാഗമായി പൊതു സൗകര്യ സേവനകേന്ദ്രങ്ങൾ തുടങ്ങുന്നതിന് സഹായം നൽകി വരുന്നു.
2. കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്നതിനാവശ്യമായ ധനസഹായം സംഘങ്ങൾക്ക് നൽകിവരുന്നു.
3. നിയന്ത്രിത യന്ത്രവൽക്കരണം നടപ്പാക്കി വരുന്നു.
4. ഈ മേഖലയിലെ പൊതു മേഖലാ സ്ഥാപനങ്ങളായ കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കയർഫെഡ് എന്നീ സ്ഥാപനങ്ങൾക്ക് ഗുണമേന്മ നടപ്പാക്കാനുള്ള ISO സർട്ടിഫിക്കേഷൻ നേടാൻ 4 ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ചു. പവർ ലൂമുകൾ സ്ഥാപിക്കുന്നതിനായി കയർ കോർപ്പറേഷനും ഫോം മാറ്റിംഗ്സിനും 75 ലക്ഷം രൂപ വീതവും കൂടുതൽ വീതിയുള്ള റബ്ബർ മാട്രസ് നിർമ്മിക്കാനുള്ള മെഷീൻ വാങ്ങാനും, മെഷീനിന്റെ വൽക്കനൈസിംഗ് കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിനുമായി കയർ ഫെഡിനു 99 ലക്ഷം രൂപ 2005 - 06 വർഷം അനുവദിച്ചിരുന്നു.
5. ഗവേഷണവും വികസനവും നടത്തുന്നതിനായി ഒരു ദേശീയ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്ക് നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

3 24



6.കയറിനും കയറുല്പന്നങ്ങൾക്കും ഒരു ബ്രാന്റ് ഇമേജ് ഉണ്ടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിനായി 40 ലക്ഷം രൂപ NCRMI ക്ക് നൽകിയിട്ടുണ്ട്. 2007 ജനുവരി 26 - ന് " Kerala Coir Golden Yarn of Gods own Country " എന്ന ലോഗോ ഔപചാരികമായി പുറത്തിറക്കിയിരുന്നു.

- കൈത്തറി :-

സാങ്കേതിക വിദ്യയുടെ നിലവാരം ഉയർത്തലും കൈത്തറി നെയ്ത്തുകാർക്ക് പുതിയ സാങ്കേതിക വിദ്യയുടെ കൈമാററവും എന്ന പദ്ധതിയും കൈത്തറി നെയ്ത്തുകാർക്ക് വൈദഗ്ധ്യം ഉയർത്താൻ പരിശീലനത്തിനായി നെയ്ത്തുകാർക്കുള്ള സേവന കേന്ദ്രങ്ങൾ സ്ഥാപിക്കൽ പദ്ധതിയും ഉത്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും അവയുടെ വൈവിധ്യവൽക്കരണത്തിനും സഹായിക്കുന്ന പദ്ധതികളാണ്. മററ് നൂതന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതാണ്.

- ഖാദി :-

ഈ മേഖലയിൽ കയററുമതി ലക്ഷ്യമാക്കിയുള്ള ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചു വരുന്നുണ്ട്.

- കശുവണ്ടി :-

കശുവണ്ടി പരിപ്പിന്റെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉല്പാദിപ്പിച്ച് " CDC കാഷ്യൂസ് "

3 24



എന്ന് ബ്രാന്റിൽ വിപണനം ചെയ്തു വരുന്നു. വിദേശ വിപണി ലക്ഷ്യമിട്ട് കോർപ്പറേഷന്റെ ഫില്ലിംഗ് യൂണിററുകൾ ആധുനികവത്കരിക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്ന് പ്രത്യേക ധനസഹായം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി വരുന്നു. ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് കശുവണ്ടി വികസന കോർപ്പറേഷനിലെ പ്രോസസ്സിംഗ് ജീവനക്കാർക്ക് പ്രത്യേക പരിശീലന പരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കി വരുന്നു.

CFTRI യുടെ ധനസഹായത്തോടെ കശുവണ്ടിപ്പരിപ്പിൽ നിന്നും 4 പുതിയ ഉത്പന്നങ്ങൾ ഉടൻ തന്നെ വിപണിയിൽ ഇറക്കാൻ കോർപ്പറേഷൻ നടപടി സ്വീകരിച്ചു വരുന്നു.

കരകൗശലം :-

കരകൗശല മേഖലയിൽ വിദേശ വിപണിയുടെ സാധ്യതകൾ പരമാവധി ചൂഷണം ചെയ്യുന്നതിനായി കരകൗശല വികസന കോർപ്പറേഷൻ ഒരു എക്സ്പോർട്ട് ആന്റ് എക്സിബിഷൻ വിംഗ് ആരംഭിച്ചു കഴിഞ്ഞു. വിദേശവിപണി ലക്ഷ്യം വച്ച് കൊണ്ട് സുരഭി അവയുടെ ഉത്പന്നങ്ങളെ സജ്ജമാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

- കയർ വ്യവസായ സഹകരണ സംഘങ്ങൾ സർക്കാരിനും എൻ.സി.ഡി.സി-യ്ക്കും നൽകാനുള്ള കടബാദ്ധ്യത ഓഹരി മൂലധനമാക്കി മാറ്റി സംഘങ്ങളുടെ ധനസമാഹരണ പ്രാപ്തി വർദ്ധിപ്പിച്ച് സംഘങ്ങളെ പ്രവർത്തന ക്ഷമമാക്കുന്നതാണ്.
- കയർ സഹകരണ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പയുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കി one time settlement നടത്തുന്നതിനുള്ള നടപടി എടുത്തുവരുന്നുണ്ട്.
- കയർ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഒരു നൂതന പുനരുദ്ധാരണ പദ്ധതി കഴിഞ്ഞ വർഷം ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിരുന്നു. സംഘങ്ങളെ ശക്തിപ്പെടുത്തുന്ന പദ്ധതി പ്രകാരം 430 കയർ സഹകരണ സംഘങ്ങൾക്കായി 1962.70 ലക്ഷം രൂ വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതിയ്ക്കുവേണ്ടി ഈ വർഷം കൂടുതൽ ധനസഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു.
- കയറിനും. കയറുല്പന്നങ്ങൾക്കും ശരിയായ വില ലഭിക്കുന്നതിനും ഇടത്തട്ടുകാരുടേയും ദല്ലാളുകളുടേയും ചൂഷണത്തിൽ നിന്നും കയർ മേഖലയെ രക്ഷപ്പെടുത്തുന്നതിനുമായി ചെറുകിട ഉല്പാദകരേയും സഹകരണ സംഘങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് Purchase Price Enforcement Scheme നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു കഴിഞ്ഞു. ഈ പദ്ധതിപ്രകാരം സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിൽ നിന്നായി കയറും കയറുല്പന്നങ്ങളും കേരളാ കയർ കോർപ്പറേഷൻ വഴിയും കയർഫെഡുവഴിയും ന്യായവിലയ്ക്ക് സംഭരിക്കുകയും ഉല്പാദനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ന്യായവിലയ്ക്ക് ലഭ്യമാക്കുകയും ചെയ്യും. സ്വകാര്യ കയറ്റുമതിക്കാർ അവർക്കാവശ്യമായി വരുന്ന കയറ്റുമതിയ്ക്കുള്ള കയറുല്പന്നങ്ങൾ ഈ സംഭരണകേന്ദ്രങ്ങളിൽ നിന്നും വാങ്ങണമെന്ന് നിഷ്കർഷിക്കും. തൊഴിലാളികൾക്ക് അർഹമായ കൂലി നൽകി ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളെ സംഭരിക്കുകയുള്ളു.
- തൊണ്ട് ശാസ്ത്രീയമായി സംഭരിക്കുന്നതിനായി ഒരു പദ്ധതി നടപ്പിലാക്കും. ചകിരിയുടെ ക്ഷാമം പരിഹരിക്കുന്നതിനായി പാരമ്പര്യേതര പ്രദേശങ്ങളിൽ ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിച്ചു വരുന്നു.
- കയർ മേഖലയിലെ ഗവേഷണത്തിന് ഊന്നൽ നൽകിക്കൊണ്ട് കുടപ്പനക്കുന്നിൽ നിർമ്മാണത്തിലിരിയ്ക്കുന്ന ദേശീയ കയർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (NCRMI) നിർമ്മാണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തും.

❖ ആധുനിക രീതിയിൽ ഉല്പാദന ശേഷിയുള്ള കയർ ഫാക്ടറികൾ പൊതു മേഖലയിൽ സ്ഥാപിക്കുന്നതാണ്. ചകിരിയും ജൂട്ടും നിശ്ചിത അനുപാതത്തിൽ ചേർത്ത് യാൺ ഉണ്ടാക്കുന്ന ഫാക്ടറിയും കയർ മാറ്റിംഗ് കൊണ്ട് Coir Composite Board നിർമ്മിക്കുന്ന ഫാക്ടറിയും സ്ഥാപിക്കുന്നതിന് 2007-08 ലെ ബഡ്ജറ്റിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്.

❖ കേന്ദ്ര സർക്കാർ പദ്ധതിയായ മഹിളാ കയർ യോജനയുടെ പ്രയോജനം വരും വർഷങ്ങളിൽ കൂടുതൽ പേർക്ക് ലഭ്യമാക്കും.

❖ കയർഫെഡ്, കേരള സംസ്ഥാന കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നിവ ലാഭകരമാക്കുന്നതിനു വേണ്ട നടപടി സ്വീകരിച്ചു വരുന്നു.

❖ കയർ ഭൂവസ്ത്ര വികസന പദ്ധതിയ്ക്ക് പ്രത്യേക ഊന്നൽ നൽകും. Geo-textiles Development Programme ഫലപ്രദമായി നടപ്പിലാക്കുന്നതിനും ജിയോടെക്സ്റ്റയിൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും PWD Manual-ൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കും.

❖ ഇവ കൂടാതെ Market Development Assistance, Production & Marketing Incentive, Assistance for setting up of Common Facility Service Centre തുടങ്ങി 11-ാം പഞ്ചവത്സര പദ്ധതിയിലെ സ്കീമുകളും അടുത്ത വർഷം നടപ്പിലാക്കി തുടങ്ങും.

❖ കേന്ദ്രാവിഷ്കൃത പദ്ധതിയായ Regeneration of Traditional Industries വഴിയായി 4 ക്ലസ്റ്ററുകൾ ചിറയിൻകീഴ്, മങ്ങാട്, വൈക്കം, ബേപ്പൂർ എന്നിവിടങ്ങളിൽ സ്ഥാപിക്കും.

❖ ആവശ്യമായ ഘട്ടങ്ങളിൽ വിപണിയിൽ സർക്കാരിന്റെ ഇടപെടൽ ഉറപ്പുവരുത്തും. കഴിഞ്ഞ വർഷം ഡിസ്ട്രസ്സ് പർച്ചേയ്സ് പദ്ധതിയുടെ നടത്തിപ്പിലൂടെ 860.51 ലക്ഷം രൂ യുടെ കെട്ടിക്കിടക്കുന്ന കയറും കയറുല്പന്നങ്ങളും സംഭരിച്ച് കയർമേഖലയെ സംരക്ഷിക്കാൻ സർക്കാർ നടപടി എടുത്തിരുന്നു.

❖ കേരളത്തിൽ ഉല്പാദിപ്പിക്കുന്ന കയറിന്റെയും കയറുല്പന്നങ്ങളുടെയും അന്തസ്സ് ഉയർത്തിപ്പിടിച്ചു അന്താരാഷ്ട്ര വിപണിയിൽ പ്രിയം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ' Kerala Coir- The Golden Yarn of God's Own Country എന്ന ബ്രാന്റ് നെയിം അംഗീകരിക്കുകയും അതിന്റെ പ്രചാരണത്തിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 25 — 19/6/2007 ൽ മറുപടിയ്ക്ക്

**സ്മാർട്ട് സിറ്റി കരാർ**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.കെ.കെ.ഷാജു<br>ശ്രീ.തോമസ് ചാണ്ടി | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) സ്മാർട്ട്സിറ്റി കരാർ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) സ്മാർട്ട് സിറ്റി കരാറിനെ സംബന്ധിച്ച് വിശദാംശങ്ങൾ ഉള്ള കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) സ്മാർട്ട്സിറ്റി കരാർ ഏത് കമ്പനിയുമായാണ് ഒപ്പ്വെച്ചിട്ടുള്ളത്; | (ബി) ടീകോം ഇൻവെസ്റ്റ്മെന്റ് എഫ്.ഇസഡ് - എൽ.എൽ.സി. |
| (സി) കഴിഞ്ഞ സർക്കാരിൻെറ കാലത്തെ ധാരണകളിൽനിന്നും എന്തൊക്കെ വ്യത്യാസങ്ങളാണ് പുതിയ കരാറിൽ ഉള്ളത് എന്ന് വെളിപ്പെടുത്തുമോ ? | (ഡി) മുൻ ഗവൺമെന്റിന്റെ കാലത്ത് ഒപ്പു വയ്ക്കാൻ അംഗീകരിച്ച പ്രധാന വ്യവസ്ഥകൾ അനുബന്ധം 1- ആയും, ഈ ഗവൺമെന്റ് ഈ വ്യവസ്ഥകളിൽ മാറ്റം വരുത്തി ഒപ്പു വച്ച കരാറിലെ വ്യവസ്ഥകൾ അനുബന്ധം 2 ആയും ചേർത്തിരിക്കുന്നു. |

അനുബന്ധങ്ങളുടെ പകർപ്പ് ഇന്നേദിവസത്തെ ലൈബ്രറി കോപ്പികളിൽ ലഭ്യമാണ്.

Padmanabhan

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 26 — 19/6/2007 ൽ മറുപടിയ്ക്ക്

## സ്മാർട്ട്സിറ്റി കരാറിലെ പാട്ട വ്യവസ്ഥ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ.എം.ഉമ്മർ | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ സ്മാർട്ട്സിറ്റിയ്ക്കായി ഏത് കമ്പനിയുമായാണ് കരാർ ഒപ്പിട്ടത്; | (എ) ടീകോം Investment FZ-LLC എന്ന കമ്പനിയുമായാണ് കരാർ ഒപ്പിട്ടിരിക്കുന്നത്. |
| (ബി) പ്രസ്തുത കരാറിന്റെ കോപ്പി ലഭ്യമാക്കുമോ; | (ബി) കോപ്പി അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) ടീകോമിന് എത്രവർഷത്തെ പാട്ടത്തിനാണ് ഭൂമി കൈമാറിയിരിയ്ക്കുന്നത്; | (സി) 99 വർഷത്തെ പാട്ടത്തിനാണ് ഭൂമി കൈമാറിയിരിയ്ക്കുന്നത്; |
| (ഡി) കമ്പനിക്ക് പാട്ടത്തിന് കൈമാറിയ ഭൂമി മറുപാട്ടത്തിന് നൽകുമ്പോഴോ വായ്പകൾക്കായി ഈട് നൽകുമ്പോഴോ സർക്കാരിന്റെ അനുമതി ആവശ്യമാണെന്ന വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (ഡി) ഇല്ല |
| (ഇ) ടീകോമിന് കൈമാറിയ ഭൂമി പ്രത്യേക സാമ്പത്തികമേഖലയ്ക്കുള്ളിൽ വരുന്നുണ്ടോ; എങ്കിൽ മുഴുവൻ സ്ഥലവും പ്രത്യേക സാമ്പത്തിക മേഖലയ്ക്കുള്ളിൽ ഉൾപ്പെടുത്തുമോ ? | (ഇ) ടീകോമുമായിചേർന്ന് സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ള സ്മാർട്ട്സിറ്റി പദ്ധതിയ്ക്ക് പ്രത്യേക സാമ്പത്തികമേഖലാ പദവി തത്വത്തിൽ ലഭിച്ചിട്ടുണ്ട്.മുഴുവൻ സ്ഥലവും പ്രത്യേക സാമ്പത്തിക മേഖലയിൽ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. |

Padmanabha

സെക്ഷൻആഫീസർ

അനുബന്ധങ്ങളുടെ പകർപ്പ് [illegible]
ലൈബ്രറി കൗണ്ടറുകളിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:27 — 19.06.2007-ൽ മറുപടിയ്ക്ക്

# ഐ.ടി. നയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എൻ. വാസവൻ<br>ശ്രീ. കെ.കെ. ദിവാകരൻ<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ.എ.എം. യൂസഫ്<br>ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |

എ) സംസ്ഥാനത്ത് ഐ.ടി. മേഖലയിൽ നിക്ഷേപം നടത്താൻ താൽപ്പര്യമുള്ള സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(എ) സാമ്പത്തിക ആനുകൂല്യങ്ങൾ, വൈദ്യുതി നിരക്കിലെ ഇളവുകൾ, സ്റ്റാമ്പ് ഡ്യൂട്ടിയിലെ ഇളവുകൾ എന്നിവ നൽകുക, ഏകജാലക സംവിധാനം, ഇൻവെസ്റ്റ്മെൻറ് പ്രൊമോഷൻ സെൽ, ഇൻകുബേഷൻ സെൻററുകൾ. ഫിനിഷിംഗ് സ്കൂളുകൾ എന്നിവ സ്ഥാപിക്കുക, സാദ്ധ്യതയുള്ള എല്ലാ ജില്ലകളിലും ഐ.ടി. പാർക്കുകൾ ആരംഭിക്കുക തുടങ്ങിയവയാണ് ഐ.ടി. മേഖലയിൽ നിക്ഷേപം നടത്താൻ താൽപ്പര്യമുള്ള സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള ചില പ്രധാന നടപടികൾ.

ബി) സർക്കാരിന്റെ പുതിയ ഐ.ടി. നയത്തിന്റെ സവിശേഷതകൾ എന്തെല്ലാമാണ്;

(ബി) ഐ.ടി. വികസനത്തിന്റെ ഗുണം സാധാരണക്കാർക്കും ലഭിക്കുന്ന ഒരു Knowledge Society ആണ് ഐ.ടി.നയം ലക്ഷ്യമിടുന്നത്. കേരളത്തെ ആകർഷകമായ ഒരു നിക്ഷേപ സംസ്ഥാനമാക്കുക, മാനവ വിഭവശേഷി വർദ്ധിപ്പിക്കുക. സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ രാജ്യത്തെ പ്രധാന കേന്ദ്രമാക്കുക എന്നിവയും നയം ലക്ഷ്യമിടുന്നു.

| | | | |
|---|---|---|---|
| സി) | പുതിയ നയം നടപ്പാക്കുന്നതിന്റെ ഭാഗമായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (സി) | 14.06.2007-ലെ ജി.ഒ.(പി)10/07/ഐ.ടി ഡി. ഉത്തരവ് പ്രകാരം ഐ.ടി. നയം-2007 നിലവിൽ വന്നു. അതനുസരിച്ചുള്ള പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഡി) | ഐ.ടി. മേഖലയിൽ അനുവദിച്ചി ട്ടുള്ള സബ്സിഡികളും ആനുകൂല്യ ങ്ങളും എന്തെല്ലാമാണ്; | (ഡി) | തിരുവനന്തപുരത്തും എറണാകുളത്തും ആരംഭിക്കുന്ന യൂണിറ്റുകൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 30% സ്റ്റാൻഡേർഡ് ഇൻവെസ്റ്റ്മെന്റ് സബ്സിഡിയായി നൽകുന്ന താണ്. മറ്റു ജില്ല കളിൽ ഇത് 40% ആണ്. ഐ.ടി. യൂണിറ്റുകൾ, ഐ.ടി. പാർക്കുകൾ, ഐ.ടി. സൗകര്യദാതാക്കൾ, അക്ഷയ ഇ-കേന്ദ്രങ്ങൾ എന്നിവയ്ക്ക് കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി താരിഫിന് യോഗ്യത യുണ്ട്. Research & Development promote ചെയ്യുന്നതിനായി ഒരു Technology Development ഫണ്ട് രൂപീകരിക്കുന്നതായിരിക്കും. |
| ഇ) | ഐ.ടി. മേഖലയിൽ നിക്ഷേപം നടത്താൻ ഏതെല്ലാം കമ്പനികൾ മുന്നോട്ടു വന്നിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ? | (ഇ) | സർക്കാർ തലത്തിലുള്ള പാർക്കുകളിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പ്രവർത്തനമാരംഭിക്കുന്നതിന് മുന്നോട്ട് വന്നിട്ടുള്ള കമ്പനികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

(signature)

സെക്ഷൻ ഓഫീസർ

അനുബന്ധം

## Infopark

1. US Technology
2. Infosmart
3. Inforvista
4. T.C.S.
5. Perrot systems
6. IBS
7. L&T Infotech

## Technopark

1. Focal 3 Software Pvt. Ltd
2. Infocean Technologies Pvt. Ltd.
3. Technosoft Resources Pvt. Ltd.
4. Aryans Infoway Pvt. Ltd.
5. Maxartists Technologies Pvt. LTD
6. Anionits Technologies Pvt. Ltd.
7. Q Burst Technologies Pvt. Ltd.
8. Satmetrix India Development, Inc.
9. Revenuemed India Pvt. Ltd.
10. Vinvish Technologies Pvt. Ltd. (Nuphoton)
11. Crozones Business Solutions Pvt. Ltd.
12. Reynex software Pvt. Ltd.
13. Global Data Solutions Pvt. Ltd.
14. Amtech
15. Aten India
16. Infosys
17. US Technologies
18. TCS.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 28

19-6-2007-ൽ
മറുപടിയ്ക്ക്

## പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആധുനികവൽക്കരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.ജെ.ജേക്കബ്:<br>" വി.ചെന്താമരാക്ഷൻ:<br>" ടി.പി.കുഞ്ഞുണ്ണി:<br>ശ്രീമതി.കെ.കെ.ലതിക:<br>ശ്രീ.എം.എം.മോനായി: | വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) പബ്ലിക് റിലേഷൻസ് വകുപ്പിനെ മാറിയ മാധ്യമ സാഹചര്യത്തിനനുസരിച്ച് പുന: സംവിധാനം ചെയ്യുന്നതിനും ആധുനികവത്ക്കരണത്തിനുമായി പഠനം നടത്താൻ ശ്രീ.കെ.കുഞ്ഞികൃഷ്ണൻ അദ്ധ്യക്ഷനായ സമിതിയെ നിയോഗിച്ചിരുന്നു. ഈ കമ്മിറ്റിയുടെ ശുപാർശകൾ ഘട്ടംഘട്ടമായി നടപ്പാക്കാനാണ് പദ്ധതിയിട്ടിട്ടുള്ളത്. പി.ആർ.ഡി.യുടെ പ്രവർത്തനങ്ങൾ ഓൺലൈനായി മാറ്റുന്നതിനും സേവനം മെച്ചപ്പെടുത്തുന്നതിനും കമ്പ്യൂട്ടർ അധിഷ്ഠിതമായ പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നു. നാഷണൽ ഇ-ഗവേണൻസ് പദ്ധതിയിൽ പി.ആർ.ഡി.യെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം ഇന്ത്യാ ഗവൺമെന്റിന് സമർപ്പിക്കുന്നതിനുള്ള ഒരു പ്രോജക്ട് പി.ആർ.ഡി. തയ്യാറാക്കിവരികയാണ്. |
| (ബി) വകുപ്പ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചു; | (ബി) വകുപ്പിന്റെ മുഴുവൻ ഓഫീസുകളും കമ്പ്യൂട്ടർവത്ക്കരിക്കുകയും വിവിധ സേവനങ്ങൾ ഓൺലൈനാക്കുകയും ചെയ്തിട്ടുണ്ട്. മാധ്യമങ്ങളെ അവലോകനം ചെയ്യുന്നതിനും പത്രവാർത്തകളും ചാനൽ ന്യൂസുകളും ഇ-മെയിലായി മന്ത്രിമാർക്കും വകുപ്പു തലവൻമാർക്കും എത്തിക്കുന്നതിനും ഓൺലൈനായി തന്നെ |

മറുപടി സ്വീകരിക്കുന്നതിനുമുള്ള സോഫ്ടുവെയർ വികസിപ്പിച്ചിട്ടുണ്ട്. പത്രപ്രവർത്തക പെൻഷൻ, ജീവനക്കാരുടെ ശമ്പള വിതരണം എന്നിവ ഓൺലൈനാക്കാനുള്ള നടപടി പൂർത്തിയായി വരുന്നു. ഡയറക്ടറേറ്റും 14 ജില്ലാ ഇൻഫർമേഷൻ ഓഫീസുകളും തമ്മിൽ ഓൺലൈൻ കണക്ടിവിറ്റി നിലവിൽ വന്നു.

(സി) പുതുതായി എന്തെങ്കിലും പദ്ധതികൾ പബ്ലിക് റിലേഷൻസ് വകുപ്പു മുഖേന നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) കുഞ്ഞികൃഷ്ണൻ കമ്മിറ്റിയുടെ ശുപാർശ പ്രകാരം വകുപ്പിൽ ഒരു ഇലക്ട്രോണിക് മീഡിയാ ഡിവിഷൻ തുടങ്ങുന്ന കാര്യം സജീവ പരിഗണനയിലാണ്. ചാനലുകൾക്കും വെബ് മാധ്യമങ്ങൾക്കും ഉണ്ടായിരിക്കുന്ന സ്വീകാര്യത കണക്കിലെടുത്ത് ആ രംഗത്തെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ ലക്ഷ്യമിട്ടാണ് ഇത്തരമൊരു വിഭാഗത്തിന് രൂപം നൽകാൻ ഉദ്ദേശിക്കുന്നത്. ഇതിനു പുറമെ സംസ്ഥാനത്ത് നടക്കുന്ന മുഴുവൻ ഔദ്യോഗിക പരിപാടികളുടെയും വിഷ്വൽ കവറേജ് നിർവഹിക്കാനും അവ അപ്പപ്പോൾ തന്നെ ദൃശ്യമാധ്യമങ്ങൾക്ക് നൽകാനുമുള്ള വിപുലമായ പദ്ധതിക്ക് രൂപം നൽകിവരുന്നു. ജില്ലകളിൽ നിന്നും കവർ ചെയ്യുന്ന വിഷ്വലുകൾ ഓൺലൈനായി ഡയറക്ടറേറ്റിൽ എത്തിച്ച് എഡിറ്റ് ചെയ്ത് ചാനലുകൾക്ക് നൽകാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതി ഉടൻ തന്നെ പ്രാവർത്തികമാവും. പത്രങ്ങൾക്കു പത്രക്കുറിപ്പുകൾ അപ്പപ്പോൾ ഓൺലൈനായി ലഭ്യമാക്കാനുള്ള പദ്ധതിയും ഉടൻ പ്രാവർത്തികമാവും.

(ഡി) സർക്കാർ 'വെബ്സൈറ്റ്' 'വെബ് പോർട്ടലാ'ക്കി മാറ്റിയതിന്റെ ഫലമായി കൈവരിക്കാനായ നേട്ടങ്ങൾ വ്യക്തമാക്കുമോ; വെബ് പോർട്ടലിലൂടെ ഇപ്പോൾ ലഭ്യമാക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

(ഡി) സർക്കാർ വെബ്സൈറ്റ് വെബ് പോർട്ടലാക്കി മാറ്റിയതോടെ കേരളത്തെ കുറിച്ചുള്ള സമഗ്രമായ ഒരു വിവര ശേഖരവും അതേസമയം തന്നെ ദേശീയ - അന്തർദേശീയ ജാലികകളിലേക്കുള്ള കേരളത്തിന്റെ ഔദ്യോഗിക വെബ് കവാടവുമായി പരിവർത്തിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ഇതിനു പുറമെ അസംഖ്യം മേഖലകളിൽ ജനങ്ങൾക്ക് സേവനം നൽകാനും കഴിയുന്നു. എസ്.എസ്.എൽ.സി., മെഡിക്കൽ - എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകൾ, പ്ലസ് ടു തുടങ്ങി വിവിധ പരീക്ഷാ ഫലങ്ങൾ, സർക്കാർ ഉത്തരവുകൾ, വിവിധ ഫോമുകൾ, മുപ്പതിലധികം

വകുപ്പുകളെ കുറിച്ച സംശയങ്ങൾക്കുള്ള മറുപടി. വിവിധ സർക്കാർ വകുപ്പുകളുടെ സൈറ്റുകൾ തുടങ്ങിയവയെല്ലാം വെബ് പോർട്ടലിൽ ലഭ്യമാണ്. ടെണ്ടറുകൾ പോർട്ടലിൽ പരസ്യപ്പെടുത്തിയതു വഴി പരസ്യക്കൂലിയിനത്തിൽ ചെലവുവന്നുകൊണ്ടിരുന്ന രണ്ടര കോടിയോളം രൂപ ലാഭിക്കാനും മറ്റു കാര്യങ്ങൾക്ക് ചെലവഴിക്കാനും സാധിച്ചു. നാഷണൽ പോർട്ടൽ, എല്ലാ സംസ്ഥാനങ്ങളുടെയും സൈറ്റുകൾ വിദ്യാഭ്യാസ മേഖലയിലും മറ്റു വിവധ മേഖലകളിലും ലോകത്തിലെ പ്രധാന സ്ഥാപനങ്ങളുടെ സൈറ്റുകൾ തുടങ്ങിയവയിലേക്കുള്ള ഫലപ്രദമായ വാതായനമായി പോർട്ടലിനെ ഉയർത്താൻ സാധിച്ചിട്ടുണ്ട്. സർക്കാരിന്റെ വിവിധ ഡോക്യുമെന്റുകൾ, വിജ്ഞാപനങ്ങൾ, പ്രസിദ്ധീകരണങ്ങൾ, ബജറ്റ്, ഇക്കണോമിക് റിവ്യൂ, പഞ്ചായത്തുതല സ്റ്റാറ്റിസ്റ്റിക്സ്, കേരളത്തിന്റെ വിവിധ മേഖലകളെ കുറിച്ചുള്ള വിവര ശേഖരം, ശബരിമല തീർത്ഥാടകർക്കുള്ള സഹായം, നയങ്ങൾ തുടങ്ങിയവ പോർട്ടലിൽ ലഭ്യമാണ്. സർക്കാർ ഗസറ്റും സൈറ്റിൽ ലഭ്യമാക്കാൻ നടപടിയായിട്ടുണ്ട്. ചെറിയ വകുപ്പുകൾ പ്രത്യേകം സൈറ്റ് വികസിപ്പിക്കുന്നതു വഴിയുള്ള ആവർത്തന ചെലവ് ഒഴിവാക്കാനായി അത്തരം വകുപ്പുകൾക്ക് പ്രത്യേകം സൈറ്റുകൾ പോർട്ടലിൽ തന്നെ വികസിപ്പിച്ചിട്ടുണ്ട്. ഇതിലൂടെ വലിയൊരു തുക ലാഭിക്കാനും കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 29.** **19.6.2007-ൽ മറുപടിയ്ക്ക്**

## ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ<br>പ്രൊഫ. സി.രവീന്ദ്രനാഥ്<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. വി.ശശികുമാർ<br>ശ്രീ.കെ.ടി. ജലീൽ | ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ശാസ്ത്ര ഗവേഷണ പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; | (എ) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ശാസ്ത്ര ഗവേഷണ പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിനായി Science Research Scheme(SRS), Scheme for the Augmentation of Research and Development (SARD), Ecology and Environment Scheme, Engineering Technology Programme (ETP), Student Project Programme (SPP) എന്നീ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. |
| (ബി) സ്ക്കൂൾ കോളേജ് തലങ്ങളിൽ ശാസ്ത്ര പഠനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് കൗൺസിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ബി) ഇതിനു വേണ്ടി ശാസ്ത്ര പോഷിണി എന്ന പദ്ധതി സംസ്ഥാനത്തെ 108 സ്ക്കൂളുകളിൽ ശാസ്ത്ര കൗൺസിലിന്റെ നേതൃത്വത്തിൽ നടപ്പാക്കിയിട്ടുണ്ട്.<br><br>സ്ക്കൂൾ തലത്തിൽ കുട്ടികൾക്ക് ശാസ്ത്ര പ്രോജക്ടുകൾ ചെയ്യുന്നതിന് വേണ്ടി Scheme for the Promotion of Young Talents in Science (SPYTiS) എന്ന പദ്ധതി 2006-ൽ നിലവിൽ വന്നിട്ടുണ്ട്.<br><br>കോളേജ് തലത്തിൽ വ്യക്തിഗതമായ ഗവേഷണ പരിപാടികൾക്കായി Science Research Scheme (SRS Scheme) എന്ന പദ്ധതി നിലവിൽ ഉണ്ട്. ദേശീയ തലത്തിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ഒരു കമ്മിറ്റി വഴി തിരഞ്ഞെടുക്കപ്പെടുന്ന ശാസ്ത്ര പ്രോജക്ടുകൾക്ക് പരമാവധി 11 ലക്ഷം രൂപ വരെ മൂന്ന് വർഷത്തേക്ക് ലഭിക്കുന്നതാണ്. |

(തുടർച്ച----2)

S.29

കോളേജ് തലത്തിൽ ശാസ്ത്ര വിദ്യാർത്ഥികളുടെ thesis dessertation ചെയ്യുന്നതിനായി പതിനായിരം രൂപ വരെയുള്ള Student Project Programme (SPP)യും നിലവിലുണ്ട്.

കൗൺസിലിന്റെ Scheme for the Augmentation of Research and Development (SARD) എന്ന പദ്ധതിയിലൂം തിരഞ്ഞെടുക്കപ്പെടുന്ന പരീക്ഷണ ശാലകൾക്ക് ശാസ്ത്ര ഗവേഷണം നടത്തുന്നതിനും പരീക്ഷണ ശാലകളിലെ സൗകര്യം വർദ്ധിപ്പിക്കുന്നതിനുമായി പരമാവധി മുപ്പത് ലക്ഷം രൂപ വരെ ലഭിക്കുന്ന SARD സ്കീമും നിലവിലുണ്ട്.

ദേശീയ ഹരിതസേനയുടെ ഭാഗമായി കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ പരിസ്ഥിതി അവബോധം കുട്ടികളിൽ വളർത്തുന്നതിനായി Eco-club കൾ രൂപീകരിച്ചിട്ടുണ്ട്. ഇത്തരം Eco-club - കൾക്ക് ദേശീയ ഹരിത സേനയുടെ സാമ്പത്തിക സഹായം ലഭ്യമാക്കി വരുന്നുണ്ട്.

(സി) ഉന്നത ബിരുദങ്ങളില്ലാത്ത സാധാരണക്കാരുടെ കണ്ടുപിടുത്തങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനും കൗൺസിലിന് പദ്ധതിയുണ്ടോ;

(സി) ഉണ്ട്.

(ഡി) എങ്കിൽ ഇക്കാര്യത്തിൽ കൗൺസിൽ നൽകിയിട്ടുള്ള സഹായങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ?

(ഡി) സാധാരണക്കാരുടെ കണ്ടുപിടുത്തങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും നൂതനമായ ഗ്രാമീണ സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതിനും പരിഷ്ക്കരിക്കുന്നതിനും വേണ്ടി 'റൂറൽ ടെക്നോളജി പ്രോഗ്രാം' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ പരിഗണിച്ചിട്ടുള്ള പ്രോജക്ടുകളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| നമ്പർ | അപേക്ഷകന്റെ പേരും വിലാസവും | കണ്ടുപിടുത്തം/പദ്ധതി |
|---|---|---|
| 1. | കല്ലട ജെഫ്രി, ജോയി സദനം,<br>നിയർ രണ്ടു റോഡ് ജംഗ്ഷൻ,<br>ഈസ്റ്റ് കല്ലട.പി.ഒ.,<br>കൊല്ലം - 691 502. | ചെലവു കുറഞ്ഞ<br>ഇൻകുബേറ്റർ |
| 2. | ശ്രീ. സജി കുമാർ, അമ്പാടി,<br>പുതുകുളങ്ങര.പി.ഒ.,<br>നെടുമങ്ങാട്. | നവീന ജലവിതരണ<br>സംവിധാനം - പഞ്ചായത്തു<br>തലത്തിൽ |
| 3. | നൗഷാദ്.കെ.റ്റി.,<br>പുലിരുപോയയിൽ, വാലില്ലാപ്പുഴ.പി.ഒ.<br>അരിയക്കോട്, മലപ്പുറം - 673 639 | ഗ്രാമീണ ജലവിതരണ<br>സംവിധാനം |
| 4. | എസ്. മധുസൂദനൻ നായർ,<br>കുരവട്ടം, പരുത്തിപ്പള്ളി.പി.ഒ.,<br>നെടുമങ്ങാട്, തിരുവനന്തപുരം - 695 574 | പാം ക്ലൈമ്പർ<br>(തെങ്ങു കയറ്റ യന്ത്രം) |
| 5. | കെ. ജയൻ,<br>ടെറിക്രാഫ്റ്റ്, എരൂർ,<br>തൃപ്പൂണിത്തുറ, എറണാകുളം. | പാചക വാതകം കൊണ്ടു<br>പ്രവർത്തിക്കുന്ന കളിമൺ<br>നിർമ്മാണത്തിനുള്ള ചൂള |
| 6. | ശ്രീ. ജോബിച്ചൻ,<br>ചിറയിൽക്കാലം ഹൗസ്,<br>കന്നടി, പുളിങ്കുന്ന്.പി.ഒ.,<br>ആലപ്പുഴ - 688 504. | ഈർപ്പ നിവാരണ യന്ത്രം |
| 7. | ജയിംസ് ജേക്കബ്,<br>പാറമേൽ ഹൗസ്,<br>ചെളിക്കുഴെ,<br>മുണ്ടക്കയം, ഇടുക്കി. | ഏലക്കാ ഉണക്കൽ യന്ത്രം. |

ഇവ കൂടാതെ "മൈക്രോ സ്പ്രിങ്കളർ" കണ്ടുപിടിച്ച ശ്രീ. അവറാനും, നവീകൃത പമ്പിന്റെ കണ്ടുപിടുത്തത്തിന് ശ്രീ. പൊറിഞ്ചുവിനും പ്രത്യേക പാരിതോഷികമായി പതിനായിരം രൂപ വീതം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 30 — 19/6/2007 ൽ മറുപടിയ്ക്ക്

## സ്മാർട്ട് സിറ്റി കരാറിലെ വ്യവസ്ഥകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പള്ളിപ്രം ബാലൻ<br>ശ്രീ.എ.കെ.ചന്ദ്രൻ<br>ശ്രീ.ഇ.എസ്.ബിജിമോൾ<br>ശ്രീ.ബാബു പോൾ | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) സ്മാർട്ട്സിറ്റി കരാർ ഒപ്പുവെച്ചതെന്നാണ്; | (എ)13-05-2007 ൽ |
| (ബി) ഈ ഗവൺമെൻറ് ഒപ്പുവെച്ച കരാറിലെ വ്യവസ്ഥകൾ എന്തെല്ലാമാണ്; മുൻ ഗവൺമെൻറിൻെറ കാലത്ത് നിശ്ചയിച്ച വ്യവസ്ഥകളെക്കാൾ എന്തെല്ലാം മാറ്റങ്ങളാണ് ഇപ്പോഴത്തെ കരാറിൽ വരുത്തിയിട്ടുള്ളത് | (ബി) മുൻ ഗവൺമെന്റിന്റെ കാലത്ത് ഒപ്പു വയ്ക്കാൻ അംഗീകരിച്ച പ്രധാന വ്യവസ്ഥകൾ അനുബന്ധം 1 ആയും, ഈ ഗവൺമെന്റ് വ്യവസ്ഥകളിൽ മാറ്റം വരുത്തി ഒപ്പു വച്ച കരാറിലെ വ്യവസ്ഥകൾ അനുബന്ധം രണ്ട് ആയും ചേർത്തിരിക്കുന്നു. |
| (സി) ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് ടീകോം കമ്പനിയുമായുള്ള ധാരണകൾ എന്തെല്ലാമാണെന്നു വെളിപ്പെടുത്തുമോ ? | (സി) 246 ഏക്കർ ഭൂമി 104 കോടി രൂപയ്ക്ക് ഒറ്റ തവണ പാട്ട പ്രീമിയത്തിലും പ്രതിവർഷം ഏക്കറൊന്നിന് ഒരു രൂപ നിരക്കിൽ 99 വർഷത്തേക്ക് പാട്ട വാടക |

ഈടാക്കി നൽകാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കരാർ വ്യവസ്ഥകൾ പാലിച്ചാൽ 99 വർഷത്തെ പാട്ടക്കാലാവധി കേരള സർക്കാരും ടീകോമും ഉഭയ സമ്മതപ്രകാരം ദീർഘിപ്പിക്കാവുന്നതാണ്. കരാർ വ്യവസ്ഥ ലംഘിച്ചാൽ പാട്ടകരാർ റദ്ദുചെയ്യാവുന്നതാണ്. 12 % സ്ഥലത്തിന്റെ ഉടമസ്ഥാവകാശം മാസ്റ്റർ പ്ലാൻ പൂർത്തിയാക്കുന്ന മുറയ്ക്ക് കേരള സർക്കാരും ടീകോം ഇൻവെസ്റ്റ്മെന്റ് FZ - LLC യും ചേർന്ന് എസ്.പി. വി യ്ക്ക് സെസ് ഏര്യയിൽ നൽകുന്നതാണ്.

Padmanabhan

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

**മുൻഗവൺമെന്റ് പ്പിടാനായി അംഗീകരിച്ച കരട് കരാറിൽ ഉൾപ്പെടുന്ന പ്രധാന വ്യവസ്ഥകൾ:**

1. ഇൻഫോപാർക്കും മറ്റു അനുബന്ധ സൗകര്യങ്ങളും 109 കോടി രൂപയ്ക്ക് കൈമാറ്റം ചെയ്യേണ്ടതാണ്.
2. 136 ഏക്കർ സ്ഥലം ഏക്കറിന് 26,47,058 രൂപ നിരക്കിൽഉടമസ്ഥാവകാശം പൂർണ്ണമായും കൈമാറ്റം ചെയ്യേണ്ടതാണ്.
3. 100 ഏക്കർ സ്ഥലം പ്രതിവർഷം ഏക്കറിന് ഒരു രൂപ നിരക്കിൽ 99 വർഷത്തേക്ക് പാട്ടത്തിനു നൽകേണ്ടതാണ്.
4. മൂന്നുഘട്ടങ്ങളിലായി മൊത്തം 33300 തൊഴിലവസരങ്ങൾ പത്തുവർഷം കൊണ്ടു സൃഷ്ടിക്കേണ്ടതാണ്. ഇപ്രകാരം തൊഴിലവസരങ്ങൾ സൃഷ്ടിക്കാതിരുന്നാൽ കുറവുവരുന്ന ഓരോ തൊഴിലവസരങ്ങൾക്കും ഒന്നിനു 6000 രൂപ വീതം പിഴയായി സംസ്ഥാന സർക്കാരിന് നൽകേണ്ടതാണ്.
5. മൂന്നു ഘട്ടങ്ങളിലായി മൊത്തം 33,30,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കേണ്ടതാണ്.
6. സർക്കാരിന്റെ ഓഹരി പങ്കാളിത്തം 9 ശതമാനമായിരിക്കും.
7. പത്തു ഡയറക്ടർ ബോർഡ് അംഗങ്ങളിൽ ചെയർമാനേയും ഒരു ഡയറക്ടറേയും സംസ്ഥാന സർക്കാരിന് നാമനിർദ്ദേശം ചെയ്യാവുന്നതാണ്.
8. അഞ്ചു വർഷകാലത്തേക്ക് എറണാകുളം ജില്ലയിൽ സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ മറ്റു ഐ. ടി. പാർക്കുകൾ വികസിപ്പിക്കുകയോ നടത്തുകയോ പാടില്ല. 5 വർഷത്തേക്ക് എറണാകുളം ജില്ലയിൽ മറ്റ് ഐ.ടി.പാർക്കുകൾക്കായി Concessinal rate -ൽ സ്ഥലം allot ചെയ്യാൻ പാടില്ല. ഇൻഫോപാർക്കോ അതിനുസാമ്യം നിൽക്കുന്ന നാമധേയത്തിൽ മറ്റു പാർക്കുകളോ ഇന്ത്യയിലെങ്ങും ആരംഭിക്കുവാൻ പാടില്ല.
9. ഈ സംരംഭത്തെ പ്രത്യേക സാമ്പത്തിക മേഖലയായി പ്രഖ്യാപിക്കുവാൻ സംസ്ഥാന സർക്കാർ ശുപാർശ നൽകുന്നതാണ്.
10. പാട്ടത്തിന് നൽകുന്ന സ്ഥലം ആർട്ടിക്കിൾ 5.5 പ്രകാരം തൊഴിൽ സൃഷ്ടിക്കുന്നതിന്റെ പുരോഗതിക്ക് ആനുപാതികമായി ഫ്രീഹോൾഡ് ആയി മാറ്റി നൽകും.

Padmanabhan

സെക്ഷൻ ആഫീസർ

## അനുബന്ധം II

### ഒപ്പുവെച്ച കരാറിലെ പ്രധാന വ്യവസ്ഥകൾ താഴെ പറയുന്നവയാണ്.

1. 246 ഏക്കർ സ്ഥലം മൊത്തം 104 കോടി രൂപ പാട്ട പ്രീമിയത്തിൽ 99 വർഷത്തേക്ക് പാട്ടത്തിനു നൽകും. ഏക്കർ ഒന്നിന് പ്രതി വർഷം ഒരു രൂപ നിരക്കാണ് പാട്ട വാടക തുകയായി നിശ്ചയിച്ചിരിക്കുന്നത്.
2. സംസ്ഥാന സർക്കാരിന് ആദ്യം 16% ഓഹരി പങ്കാളിത്തം ഈ സംരംഭത്തിൽ ഉണ്ടായിരിക്കും. അഞ്ചുവർഷത്തിനുശേഷം സർക്കാരിന്റെ ഓഹരി പങ്കാളിത്തം ഒരു സ്വതന്ത്ര മൂല്യനിർണ്ണയം നടത്തി നിശ്ചയിക്കുന്ന ഓഹരി വില അനുസരിച്ച് 26% ആക്കിവർദ്ധിപ്പിക്കുന്നതാണ്.
3. ഈ പദ്ധതിയുടെ മാസ്റ്റർ പ്ലാൻ പൂർത്തിയാക്കുന്ന മുറയ്ക്ക് പാട്ട വ്യവസ്ഥയിൽ നല്കിയിരിക്കുന്ന സ്ഥലത്തിന്റെ 12% ഫ്രീ ഹോൾഡായി മാറ്റാവുന്നതാണ്.
4. പത്തുപേരുള്ള ഡയറക്ടർ ബോർഡിൽ സംസ്ഥാന സർക്കാരിന്റെ രണ്ടു പ്രതിനിധികൾ ഉണ്ടായിരിക്കും. ഓഹരി പങ്കാളിത്തം 26 ശതമാനം ആകുന്നമുറയ്ക്ക് സർക്കാർ പ്രതിനിധികളുടെ എണ്ണം മൂന്നാക്കി ഉയർത്തുന്നതാണ്. Board of Directors meeting-ൽ quorum തികയണമെങ്കിൽ ഒരു സർക്കാർ നോമിനി ഉണ്ടായിരിക്കണം
5. കമ്പനിയുടെ ചെയർമാനെ സർക്കാരിന് നാമനിർദ്ദേശം ചെയ്യാവുന്നതാണ്.
6. മൊത്തം 8.8 മില്യൺ ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതാണ്. ഇതിൽ കുറഞ്ഞത് 6.2 മില്യൺ ചതുരശ്ര അടി സ്ഥലം (70%) ഐ.ടി/ഐ.ടി.ഇ.എസ് അനുബന്ധമേഖലകൾക്ക് മാത്രമായിരിക്കും. 8.8 മില്യൺ ചതുരശ്ര അടിയിൽ കൂടുതലായി നിർമ്മിക്കുന്ന സ്ഥലത്തിൽ IT/ITeS/അനുബന്ധ സർവ്വീസുകൾക്ക് മാറ്റി വയ്ക്കേണ്ട സ്ഥലം Board of Directors ലെ സർക്കാർ നോമിനിയുടെ അനുവാദത്തോടുകൂടി നിയമാനുസരണം അനുവദിക്കാവുന്ന അനുപാതത്തിലായിരിക്കും.
7. കുറഞ്ഞത് 90000 തൊഴിലവസരങ്ങൾ പത്തു വർഷത്തിനുള്ളിൽ സൃഷ്ടിക്കുവാൻ ആവശ്യമായ നടപടികൾ എടുക്കുന്നതാണ്.
8. സംസ്ഥാന സർക്കാരിന് ആരംഭത്തിൽ 16ശതമാനം ഓഹരിയും, ടീകോം ഇൻവെസ്റ്റ്മെന്റ് FZ-LLC ക്ക് 84% ഓഹരിയുമുള്ള ഒരു കമ്പനിയായിരിക്കും സ്മാർട്ട് സിറ്റി (കൊച്ചി) ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്.
9. ഈ സംരംഭത്തെ പ്രത്യേക സാമ്പത്തിക മേഖലയായി പ്രഖ്യാപിക്കുവാൻ സംസ്ഥാന സർക്കാർ ശുപാർശ നടത്തുന്നതാണ്.

Padmakumar

സെക്ഷൻ ആഫീസർ